# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 11 പേജുകൾ 40 ഫെബ്രുവരി 2025



- ലിംഗനീതി
- കാർട്ടൂൺ കേരളം
- കഥ
- കവിത
- ജീവിതം; എഴുത്ത്

വിജയരാജമല്ലിക



JOS ALUKKAS
A TRADITION OF FINE JEWELLERY
FLAT
50%
DISCOUNT*
സ്വർണ്ണാഭരണങ്ങളുടെ
പണിക്കൂലിയിൽ
*Limited period offer
വില കുതിക്കുമ്പോൾ
സ്വർണ്ണം വാങ്ങാൻ
ഏറ്റവും നല്ല ഇടം
ഡയമണ്ട്സ്
20% കിഴിവ്
പ്ലാറ്റിനം
7% കിഴിവ്
PUSH360
THRISSUR: Round East. Ph: 0487-2331812 . Shop online at www.josalukkasonline.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# ദൈവമക്കൾ

ലിംഗവ്യത്യാസങ്ങളെ സംബന്ധിച്ച പരമ്പരാഗത മാതൃകയിൽ നിന്നോ, ജന്മനാൽ ഉണ്ടായിരുന്ന ലിംഗത്തിൽ നിന്നോ വ്യതിയാനം പ്രദർശിപ്പിക്കുന്നവർ എന്ന് ട്രാൻസ്ജെൻഡേഴ്സിനെ ചുരുക്കി പറയാം. സാമാന്യവൽക്കരിക്കപ്പെട്ടതിനോട് അനുയോജ്യമല്ലാത്ത ലിംഗ വ്യക്തിത്വം, സ്വഭാവം, ലിംഗ പ്രകാശനം കാണിക്കുന്ന മനുഷ്യരെ പൊതുവായി വിശേഷിപ്പിക്കുന്ന പദമാണ് ട്രാൻസ്ജെൻഡർ. ഇവരെ ട്രാൻസ് സ്ത്രീ, ട്രാൻസ് പുരുഷൻ എന്ന് രണ്ടായി തിരിക്കാം. ഭൂരിപക്ഷ ലിംഗവിഭാഗങ്ങളെ പോലെ മറ്റൊരു ലിംഗവിഭാഗം തന്നെയാണ് ട്രാൻസ് ജെൻഡറുകളെന്ന് ഈ രംഗത്തെ ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു. സമൂഹത്തിൽ ഏറെ അടിച്ചമർത്തപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും ആയ ഒരു ലിംഗവിഭാഗം ആണ് ട്രാൻസ് ജെൻഡേർസ്. നപുംസകം, ശിഖണ്ഡി, ഹിജഡ, മൂന്നാം ലിംഗം, അപരലിംഗർ, ലിംഗാതീതർ എന്നീ വാക്കുകൾ ഈ വിഭാഗത്തെ ഉദ്ദേശിച്ചു ഉപയോഗിച്ചിരുന്നതാണെങ്കിലും ഇവയൊക്കെ കൂടുതലും ഇവരെ അപമാനിക്കാനോ അവഹേളിക്കാനോ വേണ്ടിയാണ് ഉപയോഗിച്ചു വന്നിരുന്നത്. അതിനാൽ 'ട്രാൻസ്ജെൻഡർ' എന്ന വാക്കാണ് ഇന്ന് ഔദ്യോഗികമായി ഉപയോഗിച്ചു വരുന്നത്. ലൈംഗികന്യൂനപക്ഷം എന്നറിയപ്പെടുന്ന എൽജിബിടിഐഎ (LGBTIA+) സമുദായത്തിലെ ടി (Transgender) എന്ന വിഭാഗമാണ് ഇവർ.

ജനിതകവും ശാരീരികവും മാനസികവുമായ സവിശേഷതകൾ ഇവരിൽ ദൃശ്യമാണ്. സ്ത്രീ, പുരുഷൻ എന്നിങ്ങനെ മറ്റുള്ളവർ തിരിച്ചറിയുന്ന ഒരു ഭൂരിപക്ഷ വ്യക്തിയുടേതിനേക്കാൾ സവിശേഷത ഇവരുടെ സ്വഭാവത്തിൽ പ്രകടമാണ്. പെരുമാറ്റം, ശബ്ദം, ചലനം, വസ്ത്രധാരണം, കേശാലങ്കാരം, ശാരീരിക പ്രത്യേകതകൾ, മാനസികാവസ്ഥ തുടങ്ങിയ ലിംഗ വ്യക്തിത്വങ്ങളിൽ കാണിക്കുന്ന സവിശേഷമായ 'പ്രത്യേകതകളുമായി' ബന്ധപ്പെട്ടാണ് ട്രാൻസ്ജെൻഡർ എന്നൊരാളെ വിശേഷിപ്പിക്കുന്നത്. ലിംഗ വ്യത്യാസങ്ങളെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളും അടയാളങ്ങളും തങ്ങൾക്ക് യോജിക്കുന്നതല്ലെന്ന് തിരിച്ചറിയുന്നവരും അങ്ങനെ കരുതുന്നവരും മാനസികമായി മറ്റൊരു ലിംഗത്തിൽ പെടുന്നവരും പൊതുവായി ഈ ഗണത്തിൽ വരുന്നു.

ട്രാൻസ്ജെൻഡർ എന്ന വാക്കിന്റെ പ്രയോഗം 1960- കളിൽ തുടങ്ങിയെങ്കിലും ലിംഗമാറ്റ ശസ്ത്രക്രിയ കൂടാതെ തന്നെ സ്വന്തം സ്വത്വത്തെ അംഗീകരിച്ചു കൊണ്ട് ജീവിക്കാനാഗ്രഹിക്കുന്നവരെ വിശേഷിപ്പിക്കുന്നതിനായി 1970 -കളിലാണ് ഈ പദത്തിന് പ്രചാരം ലഭിച്ചത്. 1980 കളിൽ ജനനാലുള്ളതിൽ നിന്ന് വ്യത്യസ്തമായ ലിംഗസ്വഭാവം കാണിക്കുന്നവരെ പൊതുവായി വിശേഷിപ്പിക്കുന്ന പദമായി ഇത് വികസിക്കുകയും 1990 കളിൽ ലൈംഗിക ന്യൂനപക്ഷങ്ങൾക്കെതിരായ ചൂഷണം, അവരുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഒരു രാഷ്ട്രീയ പദമായി മാറുകയും ചെയ്തു. ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്തവർ ട്രാൻസ് സെക്ഷ്വൽ എന്നറിയപ്പെടുന്നു. ലൈംഗികാവയവങ്ങളിൽ വ്യതിയാനം വരുന്നവർ, എതിർലിംഗത്തിന്റെ മാനസികാവസ്ഥ ഉള്ളവർ, എതിർ ലിംഗത്തിലുള്ളവരുടെ വേഷം ധരിച്ച് നടക്കുന്നവർ എന്നിവരെ ഇക്കൂട്ടത്തിൽ കാണാം. ലിംഗസമത്വം ഭാരതം ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുകയും അവരെ ഉൾക്കൊള്ളിച്ചുകൊണ്ടുടുള്ള നിയമങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

# അകത്താളുകളിൽ


## കഥ

ഷേർലി മണലിൽ................. പേജ് 11
ബഷീർ മുളിവയൽ .............. പേജ് 16
വിനോദ് ചെത്തല്ലൂർ .............. പേജ് 31
ഫൈസി മന്ദലാംകുന്ന് .......... പേജ് 33

## കാർട്ടൂൺ

എം. ആർ. ബാലചന്ദ്രൻ ........... പേജ് 5

## പുസ്തകപരിചയം

സന്തോഷ്കുമാർ കെ. .......... പേജ് 40

## ജീവിതം, എഴുത്ത്

ദർശന ............................. പേജ് 17

## ലേഖനം

ഡോ. അജയ് നാരായണൻ ..... പേജ് 22

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 36

## കവിത

ശ്രീജ വിജയൻ ..................... പേജ് 6
ഷഫീന സൈത്തൂൻ.............. പേജ് 7
ദീപ ദിനേശ് ......................... പേജ് 8
ജ്യോതിരാജ് തെക്കൂട്ട് ............. പേജ് 9
കെ. സന്തോഷ് .................... പേജ് 10
ജബീറ ............................. പേജ് 24
മഞ്ജു ഗണേഷ്................. പേജ് 25
നിബിൻ കള്ളിക്കാട്............ പേജ് 26
ജെയ്ന ചക്കാമഠത്തിൽ........ പേജ് 27
ശ്രീദേവി കടവല്ലൂർ ............... പേജ് 28
ആകാശ് കിരൺ ചീമേനി ...... പേജ് 29
നളിനാക്ഷൻ ഇരട്ടപ്പുഴ ........ പേജ് 30







## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ

# സുന്ദരമാവുന്നത്



നമ്മളില്ലാത്ത നേരം, വീട്
ആദിയിലെ ശാന്തത
പുതച്ചുറങ്ങുകയാവാം.
പറഞ്ഞു പകുതിയാക്കിയവയെ
കാത്തു സൂക്ഷിച്ച്,
അടക്കമില്ലാത്ത പാത്രങ്ങളെ
ഒതുക്കി ഇരുത്തുകയാവാം.

കനൽ വേഗങ്ങളെ
ഖനീഭവിപ്പിച്ച് ഊഷ്മളതയാൽ,
സമരസങ്ങളുടെ
അളവുകോലുകൾ കഴുകി ,
വൃത്തിയാക്കി വയ്ക്കുകയാവാം

നീയെന്നും ഞാനെന്നുമുള്ള
 കൂട്ടിമുട്ടാത്ത രേഖകൾ
ആയാസം മുറിച്ച് കടന്ന്
ഗാഢബന്ധത്തിന്റെ,
സ്നേഹലായനി
പാകപ്പെടുത്തിയെടുത്ത്,
സ്മരണയുടെ മിശ്രണങ്ങളെ
ചില്ലലമാരയിൽ പൊടി തട്ടിയെടുത്ത്,
കർശന നിശബ്ദത പാലിക്കുകയാവാം.

ഒച്ചയില്ലാതെ,
അനക്കമില്ലാതെന്ത്, വീടെന്ന
പഴിപറയലിന് ചേഷ്ടകാട്ടി
സ്വയം രസിച്ച്,
ആശ്വാസത്തിനും,
നെടുവീർപ്പിനും ഇരിപ്പിടം
 കണ്ടെത്തുകയാവാം.

നീളുന്ന വഴികൾ
വളവുകൾ,
തിരിവുകൾ .
അറ്റം എത്തിക്കാനാവാതെ
നിറഞ്ഞു പറക്കുന്ന പ്രശ്നങ്ങൾ,
സംഘർഷങ്ങളുടെ
കുഴഞ്ഞുമറിയലുകൾ.
എന്തിനൊക്കെ ഉത്തരമാവണം,
 ഇരുന്നയിരിപ്പിൽ.
 കാഴ്ചയിൽ
 ഒരുമയുള്ളതെങ്കിലും
 വൈചിത്ര്യം
 നിറയ്ക്കുന്ന ഉള്ളകങ്ങളുമായി.

 നമ്മളില്ലാത്ത നേരമാണ്
 വീട് അത്യന്തം സുന്ദരമാകുന്നത്
 ഉരിയാട്ടം നിലച്ച വാക്കുകൾ
 മൗനത്തിന്റെ ആകാശത്തെ
 വിശാലമാക്കുകയാണ്.



ശ്രീജ വിജയൻ





ഷഫീന സൈത്തൂൻ

# സമയകാലങ്ങൾ

ഹേ കാലമേ,
നീ എന്നിലൊരു വെറും വാക്ക്!

സമയം
സങ്കല്പവും

എന്തിനാണ് നിനക്കിത്രയും
പട്ടങ്ങൾ ചാർത്തിത്തരുന്നത്?

പലരും നിന്നെയോർത്ത്
വ്യാകുലചിത്തരാകുന്നതെന്തേ?

ഞാൻ നിന്നെ
നിന്റെ വഴിക്ക് വിടുന്നതല്ലേ ഉചിതം?

കാലമേ,
നിനക്ക് മുറിവുകൾ സമ്മാനിക്കാൻ
കഴിയുമോ?
മുറിവുണക്കാനും?

വർഷങ്ങൾ
മാസങ്ങൾ
ആഴ്ചകൾ
ദിവസങ്ങൾ
ഇന്ന്
നാളെ
മറ്റന്നാൾ
വർത്തമാനകാലം
ഭാവി
വിധി,,,

എനിക്ക് വയ്യ
ഇതൊന്നും ആലോചിക്കാൻ,,,
എന്റെ തല പെരുക്കുന്നു,,,

ഭൂതകാലത്തെ ഞാൻ വെറുതെ വിടുന്നു.

ഒക്കത്തിരിക്കുന്ന ചിന്തകളെയെടുത്ത്
ഞാൻ
താഴെയിടുന്നു

വിലപിക്കുന്നവയെ ജാലകം വഴി
പുറത്തേക്കെറിയുന്നു

ഇനി സ്വസ്ഥമായൊന്ന് ഉറങ്ങണം
സമയം 11.16
ഇന്നത്തെ നിദ്രയിൽ ഞാൻ
സ്വപ്നം കാണുമോ?

ഏയ്
സാധ്യതയില്ല!

പ്രവചിക്കാൻ
ഞാൻ ആരാ?
ദൈവമോ?
അതോ വിശുദ്ധപട്ടം കിട്ടിയവളോ?

മതിയായി,,,
ഉറക്കറയിലും സമാധാനം തരാത്ത
ഒടുങ്ങാത്ത ചിന്തകൾ,,,

എനിക്ക് നല്ല
ഉറക്കം വരുന്നു,,,
കണ്ണുകൾ അടഞ്ഞുപോകുന്നു,,,

ബാക്കി വിശേഷമെല്ലാം നാളെ പറയാം
നിങ്ങൾക്ക് അറിയില്ലേ,
ഒരു 'നാളെ' യുള്ളത്?
പ്രഭാതമെന്നപേരിൽ?

അതിനെ
ഞാനൊരിക്കലും കാലത്തിന്
വിട്ടുകൊടുക്കില്ല  പകലെടുത്തോട്ടെ

കവിത



# വരമ്പ്



ദീപ ദിനേശ്

തണ്ടൊടിക്കുന്നു
താമരപ്പൂവിന്റെ
ചുണ്ട് ചേർക്കുന്നു
ഇതൾനിലാവിനായ്...
കണ്ട് നിൽക്കുമ്പോൾ
ഉള്ളിൽ തളിർക്കുന്നു
വണ്ട് ചുംബിച്ച
വെള്ളാരം പൂവുകൾ...

കണ്ണെടുക്കാതെ
കാട്ടു പൂവിന്റെ
കണ്ണിലായിരം
നോട്ടമിറുക്കുന്നു....

കണ്ടു തീരാത്ത
കണിമുല്ലതൻ
ചുണ്ടണിതേൻ
കാറ്റടർത്തുന്നു...

വന്നു ചോദിക്കാതെ
ചോപ്പടർത്തുന്ന
ചെമ്പനീർ പൂവ്
നിന്ന് ചോരുന്നു...

വർണ്ണമൊട്ടുകൾ
വല്ലരിപ്പൂവുകൾ
ചന്തമൂട്ടുന്ന വിണ്ണിൻ
തലപ്പുകൾ

പണ്ട് പാടാത്തപാട്ടുകൾ
പൂംകുയിൽ പെണ്ണ്കേൾക്കേ
വിടരും വിചാരങ്ങൾ

മുന്നിലാർത്തു പടരും
തളിർക്കലിൻ കുന്നുകേറുന്ന
വേരിൻ വിതാനങ്ങൾ

മണ്ണ് പൊന്നായ്
വിളയുന്ന വേളയിൽ
വന്നു പുൽകുന്നു
നാടിന്നിടവഴി

തുള്ളി വെള്ളമടർന്നു
കൈകുമ്പിളിൽ
മണ്ണിലോടുവാൻ
ദാഹം മനസ്സിനും

പുല്ലിൽ നിന്നും
പുല്ലിലേക്കാഞ്ഞാഞ്ഞു
നിന്നുചാടും
വിട്ടിലിൻ ദൂരങ്ങൾ

കാട്ടു പക്ഷികൾ
നാഗവല്ലികൾ
നാൾക്കുനാൾ
പടരുന്ന ചില്ലകൾ

കൂട്ടിലെത്തിയ
പെണ്ണിനെ ചിറകേറ്റി
വാനിലലിഞ്ഞ നാളുകൾ

വന്നുലക്കുന്നു തിരിഞ്ഞു നോക്കീടാതന്നു
പോയൊരു
കാറ്റിന്നോളങ്ങൾ


നാവിലെത്തിയ തേൻ
നുണയാതെ കാട് കയ്പ്പെന്നു
ചൊല്ലുമഴലുകൾ

ചൂട്ടെരിച്ചു
ചുടലതീർത്തവർ
നീറ്റിലേക്ക് നടന്നു
പോയവർ

ആർക്കുമാരുമളന്നു
തീരാത്ത വായ്പ്
മെല്ലെ രുചിച്ചു തീർത്തവർ..

ഈ വരമ്പുകൾ
ഇവിടെ അത്രമേൽ
കാൽപ്പടങ്ങൾ
കൊഴിഞ്ഞ യാത്രകൾ....

# ഘടികാരസൂചികൾ കോറിവരച്ചത്



ചിത്രം വരയ്ക്കാനറിയാം
എന്നാൽ, ഈ ചിത്രം ഞാൻ വരച്ചതല്ല
അന്നനാളത്തിൻ ആഴപ്പൊരിച്ചിലിൽ
മരണഗന്ധമുള്ള പകലിരവുകൾ
വിശപ്പിന്റെ നാനാനിറങ്ങളിൽ
കണ്ണീരു ചേർത്ത് ചാലിച്ചെഴുതിയ
ഉന്മാദികളുടെ വിചിത്രഭാവന!

ഉണ്ണാതുറങ്ങിയവരുടെ
ഘടികാരസൂചികൾ കോറിവരച്ചത്
അവയവങ്ങൾ നഷ്ടപ്പെട്ടവരുടെ
നഗ്നയാക്കപ്പെട്ട ഒരുടലായിരിക്കണം.

ഇവിടെയാണ് ജീവിതപന്ഥാവിലെ
ദുഷ്ക്കരമായ കടമ്പകൾ നങ്കൂരമിട്ടത്

ആത്മഹത്യാ കുറിപ്പുകൾ
പീഡിത പക്ഷം ചേർന്ന്
വ്രണിത തീർത്ഥാടനം ചെയ്തത്.

വേഷം മാറി വന്ന ദുരൂഹതകൾ
തോറ്റവന്റെ രക്തമൂറ്റി കുടിച്ചത്

ഭിത്തിയിൽ തേമ്പിപ്പതിച്ച
പെണ്ണിനുടൽ ചുവപ്പിൽ മുക്കി
ആരോ കറുപ്പിലേക്കാഴ്ത്തുന്നുണ്ട്.

മറവിയിലേക്ക് കുളിപ്പിച്ചു കിടത്തിയ
കബറിടങ്ങൾ ശാന്തമായി ഉറങ്ങുകയാണ്.
വേദനാസംഹാരികൾ കഴിച്ച്
ഓർമ്മകൾ ഇല്ലാത്തുന്നതിവിടെയാണ് '

പ്രളയവും, വറുതിയും കെടുതിയും
പ്രണയവും വിരഹവും, നഷ്ടശിഷ്ടങ്ങളും
ഒന്നൊഴിയാതെയി ചലന ക്യാൻവാസിൽ
നിശ്ശബ്ദം കോറിവരച്ചതാരായിരിക്കാം.



ജ്യോതിരാജ് തെക്കൂട്ട്



# ഫെയർനെസ് ക്രീം

കവിത

കൺതടത്തിലെ കറുപ്പകറ്റും
പുതിയ ക്രീമൊന്നിറങ്ങി പോലും!
പതിവുതെറ്റാതെ,ഏഴായ്ച്ച
പുരട്ടിയാൽ പിന്നെ,പറയുകേം വേണ്ട
കൊഴുത്ത പാലിൽ കായാമ്പൂ
അരച്ചു ചേർത്തതാണത്രേയത്!
നിലത്തു നിന്നും മൺകുടുക്ക
കുഴിച്ചെടുത്തു ചേച്ചി പറയുന്നു.

കുറുപ്പടിയും ചില്ലറയുമായ്,
വെളിച്ചിക്കാല കടകൾ തോറും
കയറിയിറങ്ങി വലഞ്ഞൊടുവിൽ
വെളുക്കെ ചിരിക്കും പെണ്ണിൻ പടവും
മണവുമുള്ള കായാമ്പുവിൻ ക്രീം
ഒരെണ്ണം ഞാനും സംഘടിപ്പിച്ചു!

വട്ടുമുരുട്ടി ഞാൻ വീട്ടിലേക്കെത്തവെ,
വീട്ടുപടിക്കൽ നില്പുണ്ട് ചേച്ചി.
പൊതി കണ്ടപാടെ,യലച്ചുവന്ന്
പിടിച്ചു വാങ്ങുന്നു,
അകത്തേക്കോടുന്നു.
പിന്നെ,ഏഴായ്ച്ച രാവും പകലും
കൺതടം കാട്ടി ചോദിക്കുമെന്നോട്;
ഇവിടെ എന്തേലും വ്യത്യാസമുണ്ടോ?
കുറച്ച് കറുപ്പ് മാറിയിട്ടില്ലേ?

വെയിലിന് ചൂട് കൂടിവരുന്നു
കടന്നകാലത്തിൻ ഓർമ്മകൾ മാതിരി
കുടയും ലോട്ടറി തട്ടുമെടുത്ത്
തണൽ നോക്കി ഞാൻ മാറിയിരിക്കെ,
എനിക്കെതിരെ റോഡിൻ മറുവശം
വിറ്റു പോകാത്ത ടിക്കറ്റുമായി,
എന്തോ വിചാരത്തിൽ ചേച്ചിയിരിക്കുന്നു
വെയിലറിയാതെ,ചൂടുമറിയാതെ
കൺതടത്തിലെ കറുപ്പ് കവിൾ
കടന്നിറങ്ങിയതൊട്ടുമോർക്കാതെ.



കെ. സന്തോഷ്

കഥ

# ലാസ്റ്റ് സപ്പർ





ഷേർലി മണലിൽ

'ഇത്ര മേലെന്നെ നീ സ്നേഹിച്ചിരുന്നെങ്കിൽ എന്തിനു വെറുതെ .......

കൂടി നിന്നവരിലാരുടെയോ ഫോണിന്റെ റിംഗ്ടോൺ പിറുപിറുക്കലുകൾക്കിടയിൽ ഉയർന്നുകേട്ടു.

തെക്കേത്തൊടിയിൽ നിന്നൊരു നേർത്ത കാറ്റ് ചെവിയിൽ വന്നു കലമ്പി. .. ആ കൊച്ചു പച്ചമൺകൂനയ്ക്കടിയിൽ മോളുറങ്ങുന്നുണ്ട്. അവൾക്ക് തണുക്കുന്നുണ്ടാവുമോ?

' അച്ചേ ' ന്നൊരു നിലവിളി നെഞ്ചിൽ വന്നുമുട്ടി.

" എന്നാലുമെന്റെ ഷായിയേ , നീയിത്രയ്ക്കു ദുഷ്ടനായിരുന്നോ ' നിനക്കെങ്ങനിതു ചെയ്യാൻ മനസ്സുവന്നു?"

ആൾക്കൂട്ടത്തിൽ നിന്ന് അമ്മുവേട്ടത്തീടെ ചോദ്യം.

ചോദ്യങ്ങൾ ....... ചോദ്യങ്ങൾ
തെളിവെടുപ്പ്.........

ഇപ്പോൾ ഒരു തരം മരവിപ്പ്.

' കേറ് ജീപ്പിലോട്ട് 'പോലീസുകാരിലൊരാൾ ഈർഷ്യയോടെ കല്പിച്ചു. ജീപ്പിനുള്ളിലെ കനത്ത നിശബ്ദതയിലേക്ക് തല കുനിച്ചു കയറാൻ നേരം ആൾക്കൂട്ടത്തിന്റെ ആരവത്തിലേയ്ക്ക് ഊളിയിട്ട പതറിയ നോട്ടമുള്ള രണ്ടു കണ്ണുകൾ മനസ്സിലുടക്കി.

'എന്റെ കുഞ്ഞിനെ ......

പ്രതി കുറ്റം സമ്മതിച്ച സ്ഥിതിക്ക് എല്ലാം എളുപ്പത്തിൽ കഴിഞ്ഞു.

നിസ്സഹായനായിപ്പോയ
ഒരച്ഛൻ ഷാജി എന്ന ചെറിയ പേരിൽനിന്ന് വലുപ്പത്തിലെഴുതിയ അക്കങ്ങളിലേക്ക് രൂപാന്തരപ്പെട്ടു.

നിറയെപൂത്ത വാകമരങ്ങൾ നിരയായി അതിരിട്ട തേയിലക്കാടിനു മീതെ മഞ്ഞിൻപടലങ്ങൾ തുളച്ചുകൊണ്ട് സൂര്യരശ്മികളിറങ്ങി വരുമ്പോൾ ലച്ചുവിന്റെ കൈപിടിച്ചിരുന്നു. നീലക്കുന്നുകളുടെ നെറുകയിൽ നിരയായ് നിൽക്കുന്നുണ്ട് പേരറിയാത്ത ചെറുമരങ്ങൾ.

'അച്ചേ തണുക്കുന്നു ' മോള് ചിണുങ്ങി. അവളുടെ കുഞ്ഞുവിരലുകൾ കൈക്കുള്ളിലാക്കി കുന്നിറങ്ങുമ്പോൾ കൊളുന്തു നുള്ളാനെത്തിയ പെണ്ണുങ്ങൾ ലച്ചുവിനു നേരെ കൈവീശി.

ചെമ്മൺപാതയിൽ വച്ച് അവൾ കിലുകിലെ ചിരിച്ചുകൊണ്ട് മുന്നോട്ടോടി. തിരിവിലെവിടെയോ അവൾ പൊടുന്നനെ അപ്രത്യക്ഷയായി.

മോളേ....

ഞെട്ടിയുണരുമ്പോൾ വെറുംതറയുടെ തണുപ്പിലും വിയർത്തിരുന്നു. സെല്ലിന്റെ അഴികളിൽ ഒന്നു തട്ടി ജയിൽവാർഡൻ കടന്നുപോയി.

എന്തുകൊണ്ടാണ് ഹൃദയം പൊട്ടിപ്പോകാത്തത് ?

അതു ചെയ്യുന്നതിനു മുമ്പുള്ള ദിവസങ്ങളെല്ലാം കഠിനമായിരുന്നു. ആത്മസംഘർഷങ്ങളുടെ രാപ്പകലുകൾ.

എട്ടു വയസ്സുവരെ ഓടിച്ചാടി നടന്നിരുന്ന കുഞ്ഞ്. വലിയൊരു പനിക്കു ശേഷം തളർന്ന കാലുകളുമായി അവൾ കിടക്കയിൽ ഒതുങ്ങിക്കൂടി.വാടിപ്പോയത് ജീവിതമാകെ അന്നുവരെ സുഗന്ധം പരത്തിയിരുന്ന ഒരേയൊരു പൂക്കാലമായിരുന്നു.

ഇടയ്ക്കിടെ നനയുന്ന കണ്ണുകളുമായി രേണു ലച്ചുവിന്റെ കിടക്കയ്ക്കു ചുറ്റും ഭ്രമണം ചെയ്തു.

തുറന്നിട്ട ജനാലയ്ക്കപ്പുറം തന്റെ ലോകം ചുരുങ്ങിപ്പോയത് അവൾ തിരിച്ചറിയുന്നുണ്ടായിരുന്നു.

കിടക്കയിലും വീൽചെയറിലുമായി ലച്ചു



വളർന്നു.അവൾ വയസറിയിച്ച ദിവസം രേണുവിന്റെ കണ്ണുകൾ തോർന്നില്ല.

ഋതുക്കൾ മാറുന്നതറിയാൻ ചക്രക്കസേരയെത്തുന്ന മുറ്റമായിരുന്നു ലച്ചുവിന് അതിര് .

അവൾക്കായി വർണക്കടലാസുകളും ചായക്കൂട്ടുകളും വാങ്ങാൻ മറക്കാറില്ല.
ചിത്രങ്ങൾ വരച്ചും കടലാസുപൂക്കൾ നിർമ്മിച്ചും തന്റെ മുഷിഞ്ഞ മുറിയെ അവളലങ്കരിച്ചു.

പതിവിലും വൈകിയെത്തിയ സന്ധ്യയ്ക്ക് ഒച്ചയനക്കങ്ങളില്ലാതെ ഇരുട്ടുവിഴുങ്ങാൻ തുടങ്ങുന്ന വീടിന്റെ തുറന്ന വാതിൽ ഒരനാഥ ശവം പോലെ കിടക്കുന്നു.

അരണ്ട വെളിച്ചത്തിൽ ഗുഹയിൽ നിന്നെന്ന പോലെ ലച്ചൂന്റെ ശബ്ദം കേട്ടു, ' അമ്മ പോയി'.

പുറത്തേക്ക് ചൂണ്ടിയ അവളുടെ വിരൽത്തുമ്പിൽ 'എങ്ങോട്ട് ' എന്ന ചോദ്യത്തിനുത്തരമില്ലായിരുന്നു.

പെയിന്റുമണമുള്ള തന്റെ ശരീരത്തേയും മടുപ്പിന്റെ ഉളുമ്പു നാറ്റമടിക്കുന്ന ജീവിതത്തേയും വെറുത്തു പോയവളെ തിരഞ്ഞു നടക്കാൻ തോന്നിയില്ല.
രണ്ടു കാലും തളർന്നു പോയൊരു പെൺകുഞ്ഞ് തന്റെ കണ്ണുകളിലെ ഇത്തിരിവെട്ടത്തിലാണ് അവളുടെ ചക്രക്കസേരയുരുട്ടുന്നത്.

' കഴിവുകെട്ടവൻ' എന്ന് ഒളിഞ്ഞും തെളിഞ്ഞും തുപ്പുന്നവരുടെ മുൻപിൽ തലയുയർത്തിത്തന്നെ നടന്നു ,മനസ്സു കരയുന്നുണ്ടെങ്കിലും .

ലച്ചൂന്റെ മുഖത്ത് ചിരി പടർത്താൻ എന്തു ചെയ്തിട്ടും പറ്റുന്നില്ലെന്നു വന്നപ്പോഴാണ് രേണുവിനെ വല്ലാതെ വെറുത്തുപോയത്.

കൗമാരക്കാരിയായ മകളെ ശുശ്രൂഷിക്കുന്നത് ഒരച്ഛന് ഒട്ടും എളുപ്പമല്ലെന്ന് തിരിച്ചറിഞ്ഞ നാളുകൾ.

സഹായിക്കാൻ വന്നവരൊക്കെ ക്രമേണ മുഖം തിരിച്ചു, ഒഴികഴിവുകൾ പറഞ്ഞു പിൻവാങ്ങി.
ശരീരം വളർന്ന മകളെ ഒറ്റയ്ക്കാക്കി പണിക്കുപോയപ്പോഴൊക്കെ അടുപ്പെരിഞ്ഞത് ചങ്കിലായിരുന്നു.
അവൾക്കുള്ള പലഹാരപ്പൊതിയുമായി കഴിയുന്നത്ര നേരത്തെ വീട്ടിലെത്തും.

അവൾ പഴയതുപോലെ പുഞ്ചിരിക്കാനും പൂക്കളുണ്ടാക്കാനും തുടങ്ങിയപ്പോൾ ഇത്തിരിയൊന്ന് ആശ്വസിച്ചു.

ഒരച്ഛന്റെ പരിമിതികളെ മറികടന്ന് അവൾക്കു വേണ്ടതെല്ലാം ചെയ്തു കൊടുക്കുമ്പോൾ അമ്മവാത്സല്യം പോലൊന്ന് നെഞ്ചിൽ നുര കുത്തിയിരുന്നു.

കിട്ടുന്നതിലൊരു പങ്ക് സ്വരുക്കൂട്ടി അവളെ ചികിത്സിപ്പിക്കാൻ വട്ടംകൂട്ടി.

ജീവിതം തിരിച്ചുപിടിക്കണമെന്നത് വാശിയായിരുന്നു.

പലതും പഴയതുപോലാക്കാൻ കഴിഞ്ഞേക്കില്ല.

' നോക്കിക്കോണേ അമ്മുവേട്ത്തീ'ന്ന് വിളിച്ചു പറഞ്ഞു പോയാൽ പിന്നെ ഇത്തിരി സമാധാനമുണ്ട്.
മുറ്റത്തിനപ്പുറം ഇടവഴിയോരത്താണ് അമ്മുവേട്ത്തീടെ ചെറിയ വീട്.
വാസുവണ്ണൻ പണിക്കിറങ്ങിയാൽ പിന്നെ അവരും വീട്ടിൽ തനിച്ചാണ്.
അമ്മുവേട്ത്തീടെ വീട്ടിലെ അനക്കങ്ങൾ കാണാൻ ലച്ചൂന്റെ കട്ടിൽ ജനലോരത്തേയ്ക്ക് മാറ്റിയിട്ടിരുന്നു.
'ലച്ചൂട്ടിയേ'ന്ന് ഇടയ്ക്കിടെയുള്ള അവരുടെ വിളിക്ക് കാതോർക്കാനും അതായിരുന്നു സൗകര്യം.

ത്രിപുരസുന്ദരീ ക്ഷേത്രത്തിൽ പൊങ്കാല മഹോത്സവം നടന്ന പകലുകളിലൊന്നിൽ അടയ്ക്കാൻ മറന്ന പിൻവാതിലിലൂടെ രണ്ടു ജീവിതങ്ങളുടെ തായ് വേരറുക്കാൻ ഒരുവൻ നുഴഞ്ഞുകയറി.

തകർന്നു തരിപ്പണമായി കിടക്കയിൽ പഴന്തുണിപോലെ അവളെക്കണ്ട സന്ധ്യയാ

ണ് ഇതുവരെക്കണ്ടതിൽ ഏറ്റവും ശപിക്കപ്പെട്ട സന്ധ്യ. സുഖം തേടി ഓടിപ്പോയവളെ ഏറ്റവും വെറുത്തതും അന്നാണ്.

മുഖമൊന്നുയർത്തി നോക്കാൻ പോലും ലച്ചുവിനായില്ല.

തലച്ചോറിൽ കടന്നലുകളിളകി.

വെള്ളം ചൂടാക്കി അന്നവളെ നന്നായി കുളിപ്പിച്ചു. ഏതോ വൃത്തികെട്ടവന്റെ വിഷബീജം ഇറ്റിവീണ ആ ശരീരത്തിൽ പിന്നെയും പിന്നെയും വാസനസോപ്പിട്ടുരയ്ക്കുമ്പോൾ മുടിയിൽ നിന്നൂർന്ന വെള്ളത്തുള്ളികൾക്കൊപ്പം അവളുടെ കണ്ണുനീർ ചാലിട്ടൊഴുകി.

അന്നവൾ ഉപയോഗിച്ച ഉടുപ്പുകൾ കൂട്ടിയിട്ട് കത്തിക്കുമ്പോൾ തീവെളിച്ചം കണ്ട് അപ്പുറത്ത് നിന്ന് അമ്മുവേട്ത്തി വിളിച്ചു ചോദിച്ചു,

'എന്നാടാ ഷായിയേ അവിടെ?'

'ഒന്നൂല്ലേട്ത്തീ, വേസ്റ്റാ'.

ഒരു നിമിഷം കഴിഞ്ഞ് മറുപടി പറഞ്ഞു.

ഉത്സവം കഴിയുംവരെ തേച്ചു മൂർച്ചവരുത്തിയ വാക്കത്തിയുമായി പിൻവാതിൽ തുറന്നിട്ടു കാത്തിരുന്നു.

ആരും വന്നില്ല.

വേട്ടയാടപ്പെട്ട് പാതിജീവനുമായി ഒരു മൃഗം ഉള്ളിൽക്കിടന്ന് ചുരമാന്തി.

നിസഹായതയുടെ അസ്വസ്ഥത കൊടുമുടി കയറിയ നിമിഷത്തിലാവണം അത്താഴക്കഞ്ഞിയിൽ ഉപ്പിനൊപ്പം സങ്കടങ്ങളില്ലാത്ത ലോകത്തേക്ക് പോകാനുള്ള മരുന്നും ചേർത്തിളക്കിയത്.

മകളുടെ ചതഞ്ഞരഞ്ഞ ശരീരം സഹനത്തിന്റെ ഉച്ചിയിൽ നിന്ന് മനസ്സിനെ താഴേക്ക് വലിച്ചിടുന്നു.

' ഇന്ന് ഞാൻ തനിയെ കഴിച്ചോളാമച്ചേ '

പതിവു തെറ്റിച്ച് ഇളം ചൂടുള്ള കഞ്ഞി കോരിക്കുടിക്കുമ്പോൾ അവളുടെ മുഖം മുറുകിയിരുന്നു.

ഒരുമിച്ച് അന്ത്യഅത്താഴം.

'നിന്റെ കൂടെ ഞാനില്ലേ'യെന്ന് നെഞ്ചോളം വന്ന്മുട്ടിയ സങ്കടത്തിരകളെ അടക്കിനിർത്താൻ പാടുപെട്ടു.

ഒരു വറ്റുപോലും ബാക്കി വയ്ക്കാതെ പാത്രം തിരികെ തരുമ്പോൾ ദീനമായി ഒന്നു നോക്കുക മാത്രം ചെയ്തു അവൾ.

'എന്റെ കുഞ്ഞേ'

ഹൃദയം ഓരോ അണുവിലും നിലവിളിച്ചു.

വായ കഴുകിച്ച് ,കിടക്കവിരി മാറ്റിയിട്ട് എടുത്തുകിടത്തി പുതപ്പിച്ച് കൈകൾ ചേർത്തു പിടിച്ച് നെറ്റിയിൽ ദീർഘമായ് ചുംബിക്കുമ്പോൾ അവളുടെ ഹൃദയം കൈവെള്ളയിൽ വന്നിരുന്ന് സ്പന്ദിക്കുംപോലെ തോന്നി.

അവളുണ്ടാക്കിയ പല നിറങ്ങളിലുള്ള പൂക്കൾ ഭംഗിയായി അടുക്കിവച്ചു.

അപ്പോൾ സമൃദ്ധമായൊരു ഉദ്യാനത്തിൽ ഉറങ്ങാൻകിടക്കുന്ന മാലാഖയായി അവൾ.

ശാന്തമായൊരു ഉറക്കത്തിലേക്കവൾ ചിറകടിച്ചു പറക്കുമ്പോൾ താഴെ വെറുംനിലത്ത് കിടന്നു.

കണ്ണുകളഞ്ഞു പോകുമ്പോഴും അവളുടെ വിരൽത്തുമ്പു തൊട്ടിരുന്നു.

കുറ്റം സമ്മതിച്ച സ്ഥിതിക്ക് ഇവിടേയ്ക്കുള്ള യാത്ര എളുപ്പമായിരുന്നു.

അന്ന് ആൾക്കൂട്ടത്തിലേക്ക് ഊളിയിട്ട പതറിയ നോട്ടമുള്ള ആ കണ്ണുകൾ....

ഭിത്തിയിലും വെറും തറയിലും ആ കണ്ണുകൾ പിന്നെയും പിന്നെയും വരച്ച് ഉരഞ്ഞുതീരാറായ നഖങ്ങൾ.

'ഞാൻ വരുമെടാ '.....സെല്ലിനുള്ളിലെ തണുപ്പിലും അയാൾ വിയർത്തു.

കഥ

# മൂന്നുകഥകൾ





ബഷീർ മുളിവയൽ

## 1

## കരുതൽ

ഒരു ചെടിച്ചട്ടിയും നെഞ്ചോട് ചേർത്തു പിടിച്ചു

പുറകിൽ സ്കൂൾ ബാഗും തൂക്കി

അവനെന്റെ നെയ്സറിയിലേക്ക് കയറി വന്നു

' ഇതൊന്ന് ഇവിടെ വച്ചോട്ടെ അങ്കിൾ എന്ന് ചോദിച്ചു ,

മറ്റു ചെടികൾക്കരികിൽ ചെടിച്ചട്ടിയും വച്ചു തിരിച്ചെന്തെങ്കിലും പറയുന്നതിന് മുൻപ്

റോഡിൽ വന്നു നിന്ന സ്കൂൾ ബസ്സിലേക്ക് ഓടിക്കയറിപ്പോയി.

വൈകുന്നേരം സ്കൂൾ ബസ്സിൽ നിന്നിറങ്ങി വന്നു സ്വന്തം ചെടിയുമെടുത്തു വീട്ടിലേക്ക് നടന്നു

പിറ്റേദിവസവും അതാവർത്തിച്ചു

വൈകുന്നേരം ചെടി തിരികെ എടുക്കാൻ വന്നപ്പോൾ ഞാനവനോട് ചോദിച്ചു

'എന്തിനാണ് ചെടി ഇവിടെ കൊണ്ടുവെക്കുന്നത് വീട്ടിൽ വച്ചാൽ പോരെ?

' മമ്മിയും, ഡാഡിയും കാലത്ത് ഓഫീസിൽ പോകും ഞാൻ സ്കൂളിലും പിന്നെ വരാന്തയിൽ ചെടി ഒറ്റക്ക് നിൽക്കേണ്ടേ അങ്കിൾ,

രണ്ട് ദിവസംമുന്പ് വരെ ഗ്രാന്റ്പ്പയുണ്ടായിരുന്നു കൂട്ടിന്,മരിച്ചു പോയി 'എന്നും പറഞ്ഞു

ചെടിയെയും കൊഞ്ചിച്ചുകൊണ്ട് വീട്ടിലേക്ക് നടന്നു പോയി.

## 2

## കാലം

ജോലിക്ക് പോകുന്ന വഴിയിലുള്ള ഫ്ലാറ്റിലെ

രണ്ടാം നിലയിലെ ചില്ല് ജാലകം തുറന്നു തനിക്കു നേരെ നീളുന്ന കുഞ്ഞു കൈയിലെ മിഠായി കണ്ടപ്പോൾ അയാൾക്ക് സന്തോഷം തോന്നി!

കുറെ കാലത്തിനു ശേഷം അന്ന് ജീവിതം മധുരിച്ചു!

പിറ്റേദിവസവും അതെ ചില്ലു ജാലകം തുറക്കപ്പെട്ടു നീണ്ടു വരുന്ന കുഞ്ഞു കൈ

യ്യിലൊരു കളിപ്പാട്ടം
അന്നയാൾ ബാല്യത്തിലേക്ക് വഴുതി വീണു!

മൂന്നാം ദിവസം അയാൾ ക്ക് നേരെ നീട്ടിയ കുഞ്ഞു കൈയിൽ മനോഹരമായ റോസാപ്പൂ
തനിക്ക് സ്നേഹത്തിന്റെ വസന്തം വച്ചു നീട്ടുന്ന കുഞ്ഞിനെ ഒന്ന് കാണാൻ അപ്പോളയാൾക്ക് അതിയായ മോഹം തോന്നി

പിറ്റേദിവസവും ചില്ലു വാതിൽ തുറന്നു നീണ്ടുവന്ന കൈകളിൽ തനിക്ക് നേരെ ചൂണ്ടിയ തോക്കിനു പിന്നിൽ
ജനൽ വിരികൾ നീങ്ങി കുഞ്ഞു മുഖം പ്രത്യക്ഷമായി

നാലഞ്ച് ദിവസങ്ങൾക്ക് മുൻപ് വണ്ടി പാർക്ക് ചെയ്യുന്നതിന്നിടയിലുണ്ടായ വഴക്കും
എതിരാളിയുടെ കാർ സീറ്റിലിരുന്ന് തന്നെ നോക്കിചിരിച്ചകുഞ്ഞു കണ്ണുകളും ഓർമയിൽ തെളിഞ്ഞു
ജനലിലൂടെ തന്നെ തുറിച്ചു നോക്കുന്നകണ്ണുകളിലെ തീ കണ്ട് അയാൾക്ക് പേടിതോന്നി
നെഞ്ചു തുളഞ്ഞുകയറിയ വേദനയോടെ അയാളുടനെ
നിലം പതിച്ചു.




# 3

## സഹായി

തിരക്കുള്ള റോഡിന്റെ അപ്പുറമുള്ള ലോകം അവർക്ക് അന്യമായിരുന്നു
ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ അപ്പുറം കടക്കുക അസാധ്യവും!
റോഡിനിക്കരെ ഇരുന്ന് ഭിക്ഷയാചിക്കുമ്പോൾ കണ്ടു മറന്ന സ്വപ്നം പോലെ അവ്യക്തമായി റോഡിനപ്പുറമുള്ള കാഴ്ചകൾ കാണും!
' നിങ്ങൾക്ക് തരാൻ ബിരിയാണിയുമായി ഒരാൾ അവിടെ നിൽക്കുന്നുണ്ട് എന്ന് അക്കരേക്ക് ചൂണ്ടിപ്പറഞ്ഞപ്പോൾ

വിശപ്പ് അടങ്ങാതെ ചുളിഞ്ഞു പോയ വയറിൽ ചിറകുകൾ മുളക്കുന്നത് പോലെ തോന്നി
വാഹനങ്ങൾ തടഞ്ഞു നിറുത്തി കൈപിടിച്ചു തന്നെ അക്കരെ കടത്തുന്ന ചെറുപ്പക്കാരനിലൂടെ ലോകത്തിനിത്രയും സൗന്ദര്യമുണ്ടെന്ന് ആദ്യമായി അനുഭവിക്കുകയായിരുന്നു
അക്കരെ എത്തിയപ്പോഴാണ് തനിക്ക് നേരെ നീട്ടിപ്പിടിച്ചത് ബിരിയാണിയല്ല മറ്റെന്തോ ആണെന്നവർക്ക് മനസ്സിലായത്,
അക്കരെ നിന്നും കൈ പിടിച്ചിക്കരെകടത്തിയ ചെറുപ്പക്കാരൻ തന്നെയും ഉപേക്ഷിച്ചു കടന്നുകളഞ്ഞതെന്തിനാണെന്ന്
സോഷ്യൽ മീഡിയയിൽ വൈറൽ റീലുകൾ ചെയ്യുന്ന ചെറുപ്പക്കാരനെ അറിയാത്ത അവർക്ക് മനസ്സിലായതേയില്ല.

# ഖനികളിലേക്കിറങ്ങുമ്പോൾ



ദർശന

**അ**തിരപ്പിള്ളിയിൽ വച്ച് അവിചാരിതമായാണ് വിജയരാജമല്ലികയെ കണ്ടുമുട്ടിയത് കണ്ടതും പേര് ചൊല്ലി വിളിച്ചു. ഞാൻ നീട്ടിയ വിരലുകളിൽ തൊട്ടു. അന്നേരമാ വിരലുകളിലെ തണുപ്പ് എന്റെ ഹൃദയത്തോളം ചെന്നു. ജാഷിമിന് ഒപ്പമായിരുന്നു അവർ വന്നത്. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ കവാടത്തിനരികിലെ കടകൾക്കുള്ളിൽ വച്ച് അവരെ വീണ്ടും കണ്ടു. അന്നേരത്ത് അവരെന്തോ കാര്യമായ തിരച്ചിലിലായിരുന്നു. ഖനികൾ എന്ന പുസ്തകം എന്റെ കയ്യിൽ കിട്ടിയിട്ട് കുറച്ചുദിവസമായി. ഒന്നോടിച്ചു നോക്കാനുള്ള സമയമേ കിട്ടിയിരുന്നുള്ളൂ. മുൻപ് പലയിടത്തു വച്ചും അവരെ കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. സൗഹൃദം പുതുക്കിയിട്ടുണ്ട്.




സച്ചിദാനന്ദൻ കവിതകളിലെ ലിംഗനീതി എന്ന വിഷയത്തിൽ ഇരിങ്ങാലക്കുടയിൽ വച്ച് ഒരു പ്രബന്ധം അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു. അന്നേരത്ത് അവരെക്കുറിച്ചും അതിൽ പരാമർശിച്ചിരുന്നു. ആൺകിളിയുടെ താരാട്ട് ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്ന സമയം. പ്രബന്ധം അവർക്ക് അയച്ചുകൊടുത്തപ്പോൾ രണ്ടുമൂന്നു കാര്യങ്ങൾ അവർ ക്ഷമാപൂർവ്വം തിരുത്തേണ്ടതുണ്ടെന്ന് പറഞ്ഞു തന്നു. തിരുത്തിയ ലേഖനം കണ്ണൂരിൽ നിന്നുള്ള കവല മാസിക പ്രസിദ്ധീകരിക്കുകയും ചെയ്തു.

നീണ്ട പേരുള്ള ധാരാളം സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വിജയരാജമല്ലിക എന്ന പേര് എന്നിൽ കൗതുക

മൊന്നും ഉണർത്തിയില്ല . പക്ഷേ പേരു മുറിച്ചെഴുതരുത്, അതൊരൊറ്റ പേരാണ് എന്നവർ പറഞ്ഞപ്പോൾ സ്വന്തം സ്വത്വം നിലനിർത്തേണ്ടതിന്റെ നിർബന്ധം അവരുടെ സ്വരത്തിൽ ഞാനറിഞ്ഞു. അതെന്നിൽ കൗതുകമുണർത്തുകയും ഖനികൾ എന്ന പുസ്തകത്തെ കൂടുതൽ ആഴത്തിൽ അറിയേണ്ടതുണ്ടെന്ന് മനസ്സിൽ ഉറയ്ക്കുകയും ചെയ്തു .

തികച്ചും ഒറ്റപ്പെട്ടനിലയ്ക്ക് സവിശേഷമായ ഒരു ഒറ്റയാൾധാരയായി കടന്നുവന്ന് അനുഭവങ്ങളുടെ കിതപ്പാറാത്ത ചൂടും വിയർപ്പും ചേർന്ന മനുഷ്യപ്പറ്റുള്ള കവിതകൾ രചിച്ച് മലയാളസാഹിത്യലോകത്ത് തന്റേതായ ഇടം പിടിക്കുകയും രാഷ്ട്രീയ കവിതയുടെ ചരിത്രപരമായ ദൗത്യം കൂടി നിർവഹിക്കുകയും ചെയ്ത കവി എന്നും അവതാരികയിൽ ജി ഉഷാകുമാരിയും വിശദമായ ചോദ്യങ്ങളും രാജിയില്ലാത്ത നിലപാടുകളുമായി അനേകം ഭാഷകളിലേക്ക് അവരുടെ ശബ്ദം പരക്കുന്നു എന്നും തന്റെ ജനതയ്ക്ക് വേണ്ടി കലയുടെയും സാഹിത്യത്തിന്റെയും വാതിൽ തുറന്നിടുക എന്ന ദൗത്യമാണ് അവർ നിർവഹിക്കുന്നതെന്ന് കവി രാവുണ്ണിയും ഈ പുസ്തകത്തിൽ പറയുന്നുണ്ട്..



## വിജയരാജമല്ലിക: ജീവിതരേഖ

1985 ൽ തൃശൂർ ജില്ലയിലെ മുതുവറയിൽ ജനനം. കണിയാംകോണത്ത് വീട്ടിൽ വൈ. കൃഷ്ണനും അദ്ധ്യാപികയായ ജയ കൃഷ്ണനും മാതാപിതാക്കൾ. തൃശ്ശൂർ മണ്ണുത്തി സ്വദേശിയും പാരാലീഗൽ വോളണ്ടിയറും ഫ്രീലാൻസ് സോഫ്റ്റ്‌വേർ എൻജിനീയറുമായ ജാഷിമാണ് ഭർത്താവ്. ഇവരുടേത് പ്രണയവിവാഹമായിരുന്നു.

മനു ജയകൃഷ്ണൻ എന്നായിരുന്നു ആദ്യകാല നാമം. ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയതിന് ശേഷമാണ് വിജയരാജമല്ലിക എന്ന പേര് സ്വീകരിച്ചത്. കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും രണ്ടാം റാങ്കോടെ ബിരുദം നേടി. ഫസ്റ്റ് ക്ലാസോടെ രാജഗിരി കോളേജിൽ നിന്നും ബിരുദാനന്തര ബിരുദം. വിവിധ മത സംഘടനകൾക്കിടയിൽ സാമൂഹ്യപ്രവർത്തനം നടത്തിവരുന്നു. മലയാളത്തിലെ ആദ്യ ട്രാൻസ് ജെൻഡർ കവിയാണ്. തൃശൂർ ലീഗൽ സർവീസ് സൊസൈറ്റിയിൽ പാരാ ലീഗൽ വോളന്റിയറാണ്. കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ട്രാൻസ്ജെൻഡർ വ്യക്തിയാണ്.

വിജയരാജമല്ലികയുടെ 'ദൈവത്തിന്റെ മകൾ' എന്ന കവിതാസമാഹാരം മദ്രാസ് യൂണിവേഴ്സിറ്റി പാഠപുസ്തകമാക്കി. എംഎ മലയാളം മൂന്നാം സെമസ്റ്ററിലെ ആധുനിക കവിത എന്ന വിഭാഗത്തിലാണ് കവിതാസമാഹാരം ഉൾപ്പെടുത്തിയത്. തൃശൂർ അമല സ്വദേശി മനു ജയ കൃഷ്ണൻ, വിജയരാജമല്ലികയായി മാറുന്നതിനിടയിൽ അനുഭവിക്കേണ്ടി വന്ന വേദനകളും യാതനകളുമാണ് 'ദൈവത്തിന്റെ മകൾ' എന്ന കവിതാസമാഹാരത്തിന്റെ ഉള്ളടക്കം. കേരളത്തിലെ ട്രാൻസ് ജെൻഡറുകൾ നേരിടുന്ന പ്രശ്നങ്ങളും ഈ കവിതയിൽ ചർച്ചയാകുന്നുണ്ട്.

ഇതേ പുസ്തകത്തിലെ 'മരണാനന്തരം' എന്ന കവിത എംജി സർവകലാശാലയും 'നീലാംബരി' എന്ന കവിത കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. കേരളത്തിൽ ആദ്യമായാണ് ഒരു ട്രാൻസ് ജെൻഡറുടെ കവിത പാഠ്യപദ്ധതിയുടെ ഭാഗമാകുന്നത്.

ഈ പുസ്തകത്തിലുള്ളത് കവിതകളല്ല അനുദിനം പൊള്ളിയടരുമ്പോഴും അന്തരാത്മാവിന്റെ അടിത്തട്ടിൽ നിന്നുയരുന്ന ജീവിക്കാനുള്ള ത്വരയാണ്, തന്റെ രക്തവും മാംസവുമാണെന്ന് വിജയരാജമല്ലിക അടയാളപ്പെടുത്തുന്നു. ഒരു മധ്യവേനലിലും ഇത്രമേൽ ഉരുകിയിട്ടില്ലെന്ന് പുസ്തകത്തിന്റെ പുറംചട്ടയും സാക്ഷ്യപ്പെടുത്തുന്നു. പിറന്ന കുറ്റത്തിന് മുറിഞ്ഞടർന്ന ആയിരക്കണക്കിന് ക്വീർ മനുഷ്യരുടെ ഓർമ്മകൾ നെഞ്ചിലേറ്റി ഞാൻ വായനയിലേക്ക് പ്രവേശിക്കുന്നു .

അമ്പത്തിരണ്ട് കവിതകളാൽ സമ്പന്നമാണ് ഖനികൾ. അവൾ ഉള്ളിൽ എന്ന സച്ചിദാനന്ദൻ കവിതയിൽ അദ്ദേഹം കുട്ടിക്കാലത്ത് പെൺവേഷം കെട്ടി നൃത്തം ചെയ്തതിനെ കുറിച്ച് എഴുതുന്നുണ്ട് . ആ പെൺകുട്ടി ഉള്ളിലെക്കാലവും നൃത്തം ചെയ്യുന്നുണ്ടെങ്കിലും അവളെ ബോധപൂർവ്വം മൂടിവയ്ക്കുന്നുവെങ്കിലും ആവരണങ്ങൾ പൊട്ടിച്ച് ചിലപ്പോഴെങ്കിലും അവൾ പുറത്തു വരാറുള്ളതിനെക്കുറിച്ചും.

'പുരുഷന്മാർ കല്ലേറിയുമായിരുന്നില്ലെങ്കിൽ
ഞാൻ നാൽക്കവലകളിൽ നൃത്തം ചെയ്തേനെ. ആണും പെണ്ണും കെട്ടവൻ എന്ന് എന്നെ വിളിച്ചോളൂ
ദൈവത്തിനില്ലാത്ത ലിംഗത്തെ ഞാനിതാ നിരാകരിക്കുന്നു ' എന്ന് അദ്ദേഹം എഴുതുമ്പോൾ ലിംഗപരമായി വർത്തമാനകാലത്ത് ട്രാൻസ്ജെൻഡർ, ബൈ സെക്ഷ്വൽ, ലെസ്ബിയൻ, ഗേ, ക്വീർ വിഭാഗങ്ങൾ നേരിടുന്ന നീതി നിഷേധങ്ങളും വിവേചനങ്ങളുമാണ് വായനക്കാരിലേക്ക് എത്തുന്നത്. കവിരാവുണ്ണിയും 'ൻ /ൾ എന്ന കവിതയിൽ അരികുവൽക്കരിക്കപ്പെട്ട ഈ വിഭാഗത്തോടുള്ള സമൂഹത്തിന്റെ വിവേചനങ്ങളെ കുറിച്ച് കുറിക്കുന്നുണ്ട്.

ഏതൊരു പുരുഷനിലും ഒരു ചെറിയ ശതമാനം ഏറ്റക്കുറച്ചിലുകളോടെ സ്ത്രൈണത നിലനിൽക്കുന്നതുപോലെ ഏതൊരു സ്ത്രീയിലും പുരുഷത്വവും നിലനിൽക്കുന്നുണ്ട്. ലൈംഗികചോദനങ്ങൾ മുതൽ മാനസിക അവസ്ഥകൾ വരെ ലളിതമായ ഈ സ്ത്രീ പുരുഷ വിഭജനത്തെ അപ്രസക്തമാക്കുന്ന കാലത്ത് സാഹിത്യത്തിലെ ലിംഗനീതി എന്നത് വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. സാഹിത്യത്തിലൂടെ മാത്രമാണ് വരണ്ടുപോയ സമൂഹത്തിൽ ഉണർവ് സൃഷ്ടിക്കാനാകൂ. മാറ്റങ്ങൾ സൃഷ്ടിക്കാനാകൂ എന്ന് തിരിച്ചറിഞ്ഞ കവിയാണ് വിജയരാജമല്ലിക. ഖനികൾ എന്ന പുസ്തകം അതിന്റെ നേർസാക്ഷ്യമാണ്.

അമ്മയെന്നത് മഹത്തായ ഒരു സങ്കല്പമായാണ് സാഹിത്യലോകം വാഴ്ത്തിപ്പാടുന്നത് . കാഴ്ചകളുടെ ലോകം എത്ര വിചിത്രമാണ് അല്ലേ. നീ കണ്ട കാഴ്ചകൾ പോരാ എന്റെ ജീവിതത്തെ അറിയുന്നതിന് എന്ന് കവി പറയുമ്പോൾ കണ്ണിഴിക്കേണ്ടതില്ല. നാളെ നിന്റെ ഉദരത്തിൽ പൂക്കുന്ന കനി എന്നെപ്പോലെയെങ്കിൽ നീയെന്നെ എന്തു ചെയ്യുമെന്ന കവിയുടെ നിശിതമായ ചോദ്യത്തിന് മുന്നിൽ പതറാത്ത ഏത് അമ്മ മനമാണുള്ളത്. തന്റെ കുഞ്ഞ് സമൂഹം അടയാളപ്പെടുത്തിയ / അംഗീകരിച്ച ആൺ/ പെൺ വിഭാഗത്തിൽ പെടുന്നില്ല എന്ന് തിരിച്ചറിയുമ്പോൾ പതറേണ്ടതില്ലെന്നും അവരെ ചേർത്തുപിടിക്കുകയും സമൂഹത്തിനുമുന്നിൽ തലയുയർത്തി നിൽക്കുകയും ചെയ്യേണ്ടവളാണ് അമ്മയെന്നു കവി വ്യംഗ്യമായി കുറിക്കുകയും ചെയ്യുന്നുണ്ട് . (കവിത- കാഴ്ചകൾ)

സ്വന്തം സ്വത്വം തിരിച്ചറിഞ്ഞ ഒരുവനെ/ ഒരുവളെ അവർ ആഗ്രഹിക്കുന്ന ജീവിതം നയിക്കാൻ അനുവദിക്കുകയാണ് വേണ്ടതെന്ന് നിർബന്ധിത ഭിന്നവിവാഹങ്ങൾക്കിടയാകുന്ന ലെസ്ബിയൻ സ്വിസ് സ്ത്രീകൾക്കായി കുറിച്ച അവൾ ഒരു കടൽ എന്ന കവിതയിൽ അവർ കുറിക്കു

ന്നു.

തൊട്ടത് നീയെങ്കിലും
വിടർന്നതവൾക്കു വേണ്ടി, പിന്നെയും മലകയറിയതും ഊർന്നു വീണതും കുതിരയായി കുതിച്ചതും ഒടുവിൽ പെയ്തു തോർന്നതും എല്ലാം അവളോർമ്മയിലാണ് എന്ന് അതുകൊണ്ടാണ് കവി എഴുതുന്നത്.

താൻ എന്താണ് , തന്റെ സ്വത്വം എന്താണ് എന്ന് സമൂഹത്തോട് ഉറക്കെ വിളിച്ചു പറഞ്ഞു സ്ഥാപിച്ചെടുക്കുന്നതിനൊപ്പം തന്നെപ്പോലെ പിറന്നു പോയ കുറ്റത്തിന് ശിക്ഷയനുഭവിക്കുന്ന/ അവഗണന അനുഭവിക്കുന്ന നിരപരാധികളായ ഒരു വിഭാഗത്തിന്റെ ശബ്ദമായി മാറുന്നുണ്ട് വിജയരാജമല്ലികയുടെ കവിതകൾ. ഭാഷയുടെ വഴക്കത്തിനും തഴക്കത്തിനും ഒപ്പം നിൽക്കുമ്പോൾ തന്നെ തനിക്ക് പറയാനുള്ളത് അവതരിപ്പിക്കുവാനായി തനതായ ഒരു ഭാഷയും ഒരു സംവേദനതലവും സൃഷ്ടിച്ചെടുക്കുന്നുണ്ട് അവർ . അത് പലപ്പോഴും ഭാഷയുടെ നൈരന്തര്യത്തെയും പാരമ്പര്യത്തെയും പൊളിച്ചെഴുതുകയും ഭാഷയുടെ സൗന്ദര്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ പുതിയ ഒരു തലത്തിലേക്ക് വായിക്കുന്നവരെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നുണ്ട്.

ഭാഷയുടെ സങ്കീർണമായ പ്രയോഗസാധ്യതകളെയും തനിമയെയും ഖനികളിലെ കവിതകളിൽ വായിച്ചെടുക്കാം. പെടൽ, ചെങ്കറ, കാമുകന്റെ ചാവുവിരുന്ന് , ക്ലിപ്തം എന്നിങ്ങനെ പല കവിതകളിലും വാക്കുകൾ കൊണ്ടവർ ലളിതമായ എന്നാൽ വായനയിൽ സങ്കീർണമായ ലോകം സൃഷ്ടിക്കുന്നുണ്ട്. പെടൽ എന്ന കവിത ശ്രദ്ധേയമാകുന്നത് വാക്കിന്റെ ഭാഷാപരമായ സാംഗത്യം കൊണ്ടാണെന്ന് അവതാരികയിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. പെടൽ എന്ന വാക്ക് ഉയർത്തുന്ന ചോദ്യമുനകൾ കവിയുടെ വ്യവഹാരങ്ങളെ എപ്രകാരം അസ്വസ്ഥമാക്കുന്നുവോ അതേപ്രകാരം തന്നെ വായിക്കുന്നയാളിന്റെ ചിന്തകളെയും പ്രക്ഷുബ്ധമാക്കുന്നുണ്ട്. മരണം പെടലാണോ എന്ന് കവി ചോദിക്കുമ്പോൾ ജീവിതമല്ലേ പെടലാകുന്നത് എന്ന് വായിക്കുന്നയാൾ സംശയിക്കുന്നത് അതുകൊണ്ടാണ് . ഇതിൽ പെട്ട് പോകുന്നത് ആരുമാകാം.

സംക്ഷിപ്തമാണ് മിക്കവാറും എല്ലാ കവിതകളും. എന്നാൽ അവയാകട്ടെ വായനയിൽ വാചാലമാകുന്നു. വാക്യങ്ങൾ വളരെ സൂക്ഷ്മതയോടെ എന്നാൽ തുളച്ചു കയറി വായിക്കുന്നയാളിന്റെ ചിന്താധാരകളെ അസ്വസ്ഥമാക്കുന്നവയാണ് . സ്വത്വം സ്ഥാപിച്ചെടുക്കുന്നതിനായി സമൂഹത്തോട് നിരന്തരം കലഹിക്കുന്ന സ്വാതന്ത്ര്യമോഹിയായ/ സമരോത്സുകയായ ഒരുവളുടെ വികാര വിചാരധാരകളെ നമുക്ക് ഈ കവിതകളിൽ വായിച്ചെടുക്കാം.

അതുകൊണ്ടുതന്നെയാണ് മൂഢൻമാരുടെ വിപ്ലവം എന്ന കവിതയിൽ കവി ഇപ്രകാരം തുറന്നടിക്കുന്നത് .

‘മനുഷ്യത്വത്തിന്റെ ചാവുവിരുന്നിന്
നരഭോജികൾ
വീഞ്ഞു വിളമ്പുന്നു .
വിപ്ലവം വിതച്ച
മൂഢൻമാരോ
അതും നുകർന്ന്
അബോധങ്ങളിൽ മയങ്ങുന്നു‘ ..

ഈ പുസ്തകത്തിലെ
കവിതകൾ പങ്കുവയ്ക്കുന്ന രാഷ്ട്രീയം അരികുവൽക്കരിക്കപ്പെട്ട വരുടെതാണ്.
അവൾക്ക് സമരമില്ല എന്ന കവിതയിൽ
എത്ര ആഴത്തിലാണ് കവി സ്ത്രീ ജീവിതങ്ങളെ വരച്ചിടുന്നത്.

‘അവൾക്ക് സമരമില്ല
സമയവും

അതിജീവിച്ചിട്ടില്ല
അതിന് ജീവിച്ചിട്ടുമില്ല '

എന്നെഴുതുമ്പോൾ തന്നെ അവൾ കൂടുമ്പോൾ ഇമ്പമില്ലാത്തവരുടെ അകിട് വറ്റാ കാമധേനുവാണെന്നുള്ള കവിയുടെ നിരീക്ഷണം ശ്രദ്ധേയമാണ് . നില പാടുയർത്തിയ പെണ്ണുങ്ങളെ കണ്ടിട്ടും ഉടൽ വലിച്ചെറിയാനാകാതെ സ്വയം കലഹിക്കുന്ന ഒരുവളാണ് സ്ത്രീയെന്നും അവൾക്ക് സമരമില്ല സ്വപ്നങ്ങളും എന്ന് കവി എഴുതുമ്പോൾ രാപ്പകലില്ലാതെ കുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്ന/ നെട്ടോട്ടമോടുന്ന നിസ്സഹായരായ അനവധി ദൈന്യ മുഖങ്ങൾ വായിക്കുന്നവരുടെ മനസ്സിനെ മഥിച്ചുകൊണ്ട് കടന്നു പോകാതിരിക്കില്ല.

ഭാവനയിലെ ദർശനം എഴുത്തിൽ ഇല്ലാതെ പോകുന്ന കാവ്യനാട്യകാരികളെയും കവി അടയാളപ്പെടുത്തുന്നുണ്ട്.

സമൂഹത്തിന്റെ പൊള്ളയായ എന്നാൽ പുരോഗമനപരമെന്ന് മുദ്ര ചാർത്തിയ സദാചാരനോട്ടങ്ങളെ തന്റെ തീവ്രവും തീക്ഷ്ണവുമായ വാക്കുകളെയ്ത് തളച്ചിടുന്നുണ്ട് കവി.

ലൈംഗികമായ അധിനിവേശത്തിന്/ അരാജകത്വത്തിന്/ ലിംഗപരമായ വൈരുദ്ധ്യങ്ങൾക്ക് എതിരെ തുറന്നെഴുത്തിന്റേതായ ഒരു ശൈലിയിലൂടെ ലളിതമെന്ന് തോന്നാമെങ്കിലും വായനയിൽ അതിസൂക്ഷ്മത ആവശ്യപ്പെടുകയും ചെയ്യുന്നു വിജയരാജമലികയുടെ കവിതകൾ . അതൊരു പരിധിവരെ കപടസദാചാരവാദികൾക്കുള്ള പ്രഹരം കൂടിയാകുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരെന്ന മുദ്ര ചാർത്തപ്പെട്ടവർക്ക് പൊതുസമൂഹത്തിനു മുന്നിൽ അപ്രാപ്യമായ പ്രണയം, രതി എന്നിവയെ പൊളിച്ചെഴുതുന്നതിനോടൊപ്പം തന്നെ ആൺ പെൺ ബന്ധങ്ങളിലെ സങ്കീർണതകളെയും നാട്യങ്ങളെയും അത്തരം ബന്ധങ്ങൾ സൃഷ്ടിക്കുന്ന അയഥാർത്ഥമായ ലോകത്തെയും അതിലെ പൊള്ളത്തരങ്ങളെയും തന്റെ കവിതകളിലൂടെ തുറന്നു കാണിക്കുന്നതോടൊപ്പം തന്നെ സ്വച്ഛവും ശാന്തവുമായ ഒരു ലോകം, തുറന്ന ഇടപെടലുകൾ, മറയില്ലാത്ത നാട്യമില്ലാത്ത മുഖംമൂടികൾ ഇല്ലാത്ത സൗഹൃദങ്ങൾ ആഗ്രഹിക്കുന്ന കവിമനസ്സ് കാണാതെ പോകരുത്.

കാമം, പ്രണയം, രതി എന്നിവക്കെല്ലാം തന്റേതായ നിർവചനങ്ങൾ നൽകി സ്ത്രീപുരുഷ ബന്ധങ്ങളിലെ നിരർത്ഥകതകളെ വെളിവാക്കുന്നുണ്ട് ഈ എഴുത്തുകൾ.


സ്വയം എത്ര ഉരുകിയാണ് വിജയരാജമല്ലിക തന്റേതായ ഒരു ലോകം സൃഷ്ടിച്ചെടുത്തിട്ടുള്ളതെന്ന് ഉരുകൽ എന്ന കവിത സാക്ഷ്യപ്പെടുത്തുന്നു .

'ഒരു മധ്യവേനലിലും
ഇത്ര ഉരുകിയിട്ടില്ല
ഇങ്ങനെ ആത്മാവ്
പൊള്ളിയിട്ടില്ല
ദാഹിച്ചു വരണ്ട്
മരിച്ച പുഴകളുടെ
അസ്ഥിപഞ്ജരങ്ങ -
ളോരോന്നും
വിസ്മൃതിയുടെ
പൊന്തക്കാട്ടിലേക്ക് വലിച്ചെറിയുമ്പോഴും
മസ്തിഷ്കത്തിൽ എവിടെയും
ഈ വിധം
രക്തം തളം കെട്ടിയിട്ടില്ല'.

എന്നാണ് ലോകമേ നിങ്ങൾ മിഴി തുറക്കുക ? ഇവരും മനുഷ്യർ എന്ന് അംഗീകരിക്കുക? ആവർത്തിച്ച പരീക്ഷണങ്ങളാൽ രക്തം വറ്റിയ ഗിനികളിൽ പുതിയ അറിവുകളുടെ ഖനികൾ തേടാതിരിക്കുക? അങ്ങനെയൊരു കാലം അങ്ങനെയൊരു ലോകം അതാണ് കവിയുടെ സ്വപ്നം . ആ സ്വപ്നങ്ങളുടെ മഴവില്ലുകൾ നമ്മുടെ മനസ്സുകളെ മനോജ്ഞമാക്കുന്ന ഒരു കാലം വരും എന്ന പ്രത്യാശ ഖനികൾ എന്ന ഈ പുസ്തകത്തെ മനോഹരമാക്കുന്നു.

●

# ന്യൂനപക്ഷദിനത്തിൽ ഓർക്കേണ്ടത്



– ഡോ. അജയ് നാരായണൻ

UN അനുശാസിക്കുംവിധം, ഇന്ത്യയിൽ ഡിസംബർ 18 ദേശീയ ന്യൂനപക്ഷദിനമാണ്. ആ ദിനം ഒരു ഓർമ്മിപ്പിക്കൽ കൂടിയാണ്. ഇന്ത്യൻ ഭരണഘടനയുടെ വെളിച്ചത്തിൽ ന്യൂനപക്ഷമെന്നതിന്റെ നിർവ്വചനമെന്തെന്ന് പരിശോധിക്കേണ്ടതുണ്ട്. ന്യൂനപക്ഷത്തോടുള്ള കടന്നാക്രമണങ്ങളുടെയും അടിച്ചമർത്തലുകളുടെയും സാഹചര്യത്തിൽ, മനുഷ്യാവകാശധ്വംസനം ഒരു തുടർച്ചയായി മാറുന്ന കാലികമായ അവസ്ഥയിൽ ന്യൂനപക്ഷദിനാചരണം അവർക്കായി നൽകുന്ന ഉറപ്പെന്താണെന്നും ആലോചിക്കേണ്ടതുണ്ട്.

ന്യൂനപക്ഷത്തെ നിർവ്വചിക്കുമ്പോൾ ഒരു സംഖ്യയിൽ ഒതുക്കേണ്ടതല്ല ന്യൂനപക്ഷം എന്ന അംബേദ്കറുടെ വചനത്തിന്റെ പ്രസക്തിയേറുന്ന കാലമാണ്. സാമൂഹികസാമ്പത്തികരാഷ്ട്രീയ പരിധിയ്ക്കുള്ളിൽ ഭൂരിപക്ഷജനാധിപത്യമെന്ന ന്യായേന അധികാരം കയ്യാളുന്നവർ മറുവിഭാഗത്തിന്റെ ആവശ്യങ്ങളെയും അവകാശങ്ങളെയും നിഷേധിക്കുന്ന ഒരു സ്ഥിതിവിശേഷത്തെ ഡോ. അംബേദ്കർ ചോദ്യം ചെയ്യുന്നുണ്ട് (The Print, 15 April 2022). കേന്ദ്രസർക്കാരിന്റെ "സബ് കാ സാഥ്, സബ് കാ വികാസ്" എന്ന നയത്തിന്റെ നിഴലിൽ ന്യൂനപക്ഷം ഞെരിഞ്ഞമരുന്നു എന്നൊരു ഭീതിയും ഉത്തരേന്ത്യൻ ദളിതർക്കുണ്ടാകുന്ന അടിച്ചമർത്തലിൽ കാണാം. രാഷ്ട്രീയത്തിലും തെരഞ്ഞെടുപ്പു വാർത്തകളിലും മുസ്ലിം മതവിഭാഗങ്ങൾ ക്കെതിരായുള്ള പ്രസംഗങ്ങളും നമ്മൾ കാണുന്നുണ്ട്.

വിഭജിച്ചു ഭരിക്കുകയെന്ന ബ്രിട്ടീഷ് നയത്തിന്റെ ഇരകളായിത്തീർന്നിരിക്കുന്നു ഇന്ന് ഇന്ത്യൻ സമൂഹം. നാനാത്വത്തിലെ യേകത്വം എന്ന ഭാരതീയ വീക്ഷണത്തിൽ ന്യൂനപക്ഷജനവിഭാഗങ്ങളെയും ഉൾപെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു നിയമനിർമ്മാണമാണ് നമ്മുടെ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ളത്. കാലാനുസൃതമായ പഠനങ്ങളും ശുപാർശകളും പാർലമെന്റിൽ ചർച്ചയാവുകയും ചെയ്യുന്നുണ്ട്. എന്നിട്ടും, പ്രാവർത്തികതലത്തിൽ കാണുന്ന കാഴ്ച ആശങ്കയുളവാക്കുന്നവയാണ്.

ഇന്ത്യയിൽ പ്രധാനമായും സിഖ്, ഇസ്ലാം, ക്രിസ്ത്യൻ, ബുദ്ധ, പാഴ്സി (1993 ലെ National Commission for Minorities ന്റെ നിർവ്വചനപ്രകാരം) വിഭാഗത്തിൽ പെടുന്ന ന്യൂനപക്ഷം 20 ശതമാനത്തോളം പെടും. 2014 ൽ ഇതിൽ ജൈനരെയും ഉൾപ്പെടുത്തി. ഇന്ത്യയിലെ ആദിവാസികളെയും (8%) ഹിന്ദു വിഭാഗത്തിലെ തന്നെ ദളിതരെയും (16%) കണക്കിലെടുത്താൽ ന്യൂനപക്ഷവിഭാഗത്തിന്റെ സാമ്പത്തികമായ സ്ഥിതി പരിതാപകരമാണെന്നു കാണാം. ന്യൂനപക്ഷപ്രീണനം എന്ന രാഷ്ട്രീയായുധം ഒരു വോട്ട് ബാങ്കായി മാറുമ്പോഴും മൃഗീയ ഭൂരിപക്ഷത്തിന്റെ ബലത്തിൽ ന്യൂനപക്ഷവിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുന്ന നടപടികളും സംഭവിക്കുന്നുണ്ട്. ന്യൂനപക്ഷ വിരുദ്ധനയമെന്ന് പ്രതിപക്ഷം മുറവിളി കൂട്ടുമ്പോഴും അവർ പാർശ്വവൽക്കരിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾക്ക് പ്രതികരണശേഷിയും നഷ്ടമാവുന്ന കാഴ്ചയാണ് ആധുനികഭാരതത്തിൽ കാണുന്നത്.

പ്രാദേശികാടിസ്ഥാനത്തിൽ നോക്കിയാലോ, കാശ്മീർ, ലക്ഷദ്വീപ് തുടങ്ങിയ പ്രദേശങ്ങളിലെ ന്യൂനപക്ഷജനവിഭാഗങ്ങളുടെ അവകാശങ്ങളിലുള്ള കാലികമായ രാഷ്ട്രീയ തീരുമാനങ്ങളും നിരീക്ഷിച്ചാൽ ന്യൂനപക്ഷങ്ങളിൽ വിവേചനപരമായ അടിച്ചമർത്തൽ ഇല്ലേ എന്നൊരു ശങ്കയുമുണ്ട്.

കേരളത്തിലെ അവസ്ഥ അൽപ്പംകൂടി മെച്ചമാണെന്നിരിക്കിലും (ഉദാ. സ്വയം തൊഴിലിനുള്ള അവസരങ്ങൾ, ഭവന വായ്പകൾ) പരസ്പരം കുറ്റപ്പെടുത്തുന്ന രീതിയിൽ തന്നെയാണ് ഇവിടെയും കാര്യങ്ങൾ. ന്യൂനപക്ഷങ്ങൾക്കായി ഏർപ്പെടുത്തിയ സാമ്പത്തികമായ സംരക്ഷണങ്ങളിൽ പലതും (സ്കോളർഷിപ്പുകൾ, വായ്പകൾ) കേന്ദ്രസർക്കാർ വെട്ടിക്കുറക്കുന്നൊരു കാഴ്ചയാണ് ഇന്നുള്ളത്. അതിന്റെ ഫലം കേരളത്തിലും ഉണ്ടാകുമ്പോൾ അവയുടെ പരിണിതഫലം ഏറ്റവും കൂടുതൽ അനുഭ

വിക്കുന്നത് മുസ്ലിം മതവിഭാഗമാണ് എന്നതിലെ രാഷ്ട്രീയവും ഭീതിജനകമാണ്. പക്ഷേ, അതിന്റെ ദോഷം അനുഭവിക്കുക ഒരു മതവിഭാഗം മാത്രമാവില്ല എന്നുള്ളിടത്താണ് ദേശീയ ന്യൂനപക്ഷദിനാചരണത്തിന്റെ പ്രാധാന്യം ഏറുന്നതും ഒരു ഓർമ്മപ്പെടുത്തലാകുന്നതും.

ഇങ്ങനെയൊക്കെയാണെങ്കിലും ദളിതഗോത്രവർഗ്ഗങ്ങളെ ഭാഗികമായെങ്കിലും അവഗണിക്കുന്നു സർക്കാർ. ആദിവാസികളെ മുഖ്യധാരയിലേക്കു കൊണ്ടുവരാനും അതിലൂടെ ഒരു വോട്ടുബാങ്ക് സൃഷ്ടിക്കുവാനുമുള്ള പ്രവണതയിൽ ആരുടെ മുഖ്യധാര എന്നൊരു ചോദ്യവും ഉണ്ടല്ലോ. ഇതിൽ ഞാൻ കാണുന്ന ഒരു വെല്ലുവിളി, മതപരിവർത്തനമാണ്. മറ്റൊന്ന്, ചൂഷണം ചെയ്യുന്ന ഇടനിലക്കാരനാണ്. ഭൗതികസുഖങ്ങളുടെ എല്ലിൻകഷണങ്ങൾ എറിഞ്ഞുകൊടുത്തു, മതങ്ങളുടെ കപടസുരക്ഷിത വലയത്തിനുള്ളിൽ പെടുത്തി മുഖ്യധാരയെന്ന മായാവലയത്തിൽ ഇരകളായി ഗോത്രവംശജർ മാറുന്നില്ലേ?

ന്യൂനപക്ഷത്തിൽ പെടുന്ന ആദിവാസികളാവട്ടെ, ദളിതരാവട്ടെ, ഭരണഘടനയിൽ വിവക്ഷിച്ചിട്ടുള്ള പ്രത്യേക മതവിഭാഗങ്ങളോ ആവട്ടെ അവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. കാരണം, പിന്നോക്കവിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥയെ കൂടുതൽ പിന്നോട്ടു തള്ളുന്നത് തെരഞ്ഞെടുപ്പുരാഷ്ട്രീയവും ഈ വിഭാഗങ്ങളുടെ സാമ്പത്തിക പരാധീനതയും ആണ്. വിഭവങ്ങളുടെയും സമ്പത്തിന്റെയും വിജ്ഞാനത്തിന്റെയും പുനർവിതരണത്തിനു അവയുടെ പ്രയോജനം ലഭിക്കുന്ന പിന്നാക്കക്കാരും തയ്യാറാവില്ല എന്നൊരു നിരീക്ഷണമുണ്ട് എം. കുഞ്ഞാമന്റെ എതിര് എന്ന കൃതിയിൽ. അതിനുള്ള പരിഹാരമായി അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത് ഇടതുപക്ഷരാഷ്ട്രീയത്തിന്റെ മുന്നേറ്റമാണെങ്കിലും അതിനവർ തയ്യാറാകുന്നില്ല എന്നതും കുഞ്ഞാമൻ ചൂണ്ടിക്കാണിക്കുന്നു (എതിര്, p105).

ന്യൂനപക്ഷത്തിന്റെ സുരക്ഷിതത്വമില്ലായ്മയെക്കുറിച്ച് കേരള സർക്കാരും നിരന്തരം ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ടെങ്കിലും അതിലും രാഷ്ട്രീയലാക്ക് ഉണ്ടെന്ന ആരോപണം ഉയർത്തുന്നുണ്ട് പ്രതിപക്ഷങ്ങൾ. ഇതിലെല്ലാം കൗതുകത്തോടെ ഞാൻ കാണുന്നത്, ന്യൂനപക്ഷത്തെക്കുറിച്ച് വാ തോരാതെ പ്രസംഗിക്കുമ്പോഴും ദളിതരോ ഗോത്രസമുദായങ്ങളോ അവരുടെ സാമൂഹിക ഉന്നമനങ്ങളോ ഒരു രാഷ്ട്രീയവിഷയമാക്കി കൊണ്ടുവരുവാൻ മുഖ്യധാരയിലുള്ള കക്ഷികൾ ശ്രദ്ധിക്കുന്നില്ല എന്നതാണ്. പതിയിരിക്കുന്ന അപകടമോ, പരസ്പരം തലതല്ലിക്കീറുന്ന കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾ സാധാരണക്കാരനായ സമ്മതിദായകന്റെ സാമാന്യബുദ്ധിയെ അലങ്കോലമാക്കുന്നു എന്നതാണ്. എന്നിരുന്നാലും, ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഉയർന്നുവന്ന ലിബറൽ നയങ്ങൾ ഇന്ത്യയിലെ ദളിത് സമൂഹത്തിന് ഗുണകരമായിട്ടുണ്ടെന്നൊരു സൂചന എം. കുഞ്ഞാമൻ മുന്നോട്ടു വയ്ക്കുന്നുണ്ട്. കേരളത്തിലെ വിദ്യാഭ്യാസനയങ്ങളുടെ വെളിച്ചത്തിൽ പുരോഗമനപരമായ മുന്നേറ്റം ഈ വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുണ്ടെങ്കിലും ഗോത്രവർഗ്ഗങ്ങളുടെ പരിതാപകരമായ അവസ്ഥ അവരെ സ്ഥിരമായും പാർശ്വവൽക്കരിക്കപ്പെടുന്ന അവസ്ഥയാണ്. ഉദാഹരണത്തിന്, അവരുടെ ഇടയിൽ കാണുന്ന ജനിതകപരമായ അസുഖങ്ങളും (sickle celled anemia) early child birth മൂലമുള്ള മരണവും ആശങ്ക ഉളവാക്കുന്നതാണ്. ഇന്ത്യൻ നിയമപ്രകാരം വിവാഹപ്രായത്തിനും താഴെ വൈവാഹികബന്ധത്തിൽ ഏർപ്പെടുകയും ഗർഭം ധരിക്കുകയും ചെയ്യുന്ന ആദിവാസി സ്ത്രീകളുടെ അവസ്ഥയും പോക്സോ നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന അവരുടെ ഭർത്താക്കന്മാരുടെ ഗതികേടും ഓർക്കുക.

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വീട് തുടങ്ങിയ അടിസ്ഥാനപരമായ അവകാശങ്ങൾക്കായി പൊരുതാൻ അറിയാത്ത ഒരു സമൂഹത്തിൽ ന്യൂനപക്ഷം എന്നാൽ മതാടിസ്ഥാനത്തിൽ മാത്രമല്ലെന്നും സാമൂഹികരാഷ്ട്രീയസാമ്പത്തികമായി വളരെ പിന്നോക്കവിഭാഗത്തിലുള്ളവരുടെയും സംരക്ഷണം ആണെന്നും അറിയുമ്പോഴാണ് ന്യൂനപക്ഷദിനത്തിന്റെ പ്രാധാന്യം ഏറുന്നത്. അപ്പോൾ, ഡിസംബർ 18 നെ ആഘോഷിക്കുവാനുള്ള ദിനമായി കാണാതെ സമൂഹത്തിലെ അടിസ്ഥാനവർഗ്ഗങ്ങളേയും അതിൽപെടുത്താത്ത മറ്റുള്ളവരെയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം ഓർമ്മിപ്പിക്കുന്ന ഒരു ദിനമായും കാണാം.

അതിനായി പരിശ്രമിക്കുകയാണ് വേണ്ടത്. തുല്യത എന്നത് അവകാശമാണ്, സ്വാതന്ത്ര്യവുമാണ്.

**പിൻകുറിപ്പ്** – അടുത്തയിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവണതയാണ് കുറ്റ്യാടിക്കല്യാണം എന്ന പേരിൽ അറിയപ്പെടുന്ന വിവാഹം. പത്താം ക്ലാസ്സ് കഴിഞ്ഞ, പതിനെട്ടു വയസ്സിനും മേലെയുള്ള ആദിവാസിപ്പെൺകുട്ടികളുടെ വീട്ടുകാരുടെ അനുവാദത്തോടെ നാട്ടുവാസികൾ ആ കുട്ടികളെ വിവാഹം കഴിക്കുന്നു. ഈ വിവാഹത്തിനു നിയമപ്രാബല്യം ഉണ്ടെങ്കിലും ഈ അവസ്ഥ ഒരു അരാജകത്വം സൃഷ്ടിച്ചേക്കാം. ഇത്തരം വിവാഹങ്ങളുടെ അനന്തരഫലങ്ങളും ചർച്ചാവിഷയമാക്കേണ്ടത് കേരളത്തിന്റെ സാമൂഹികസാംസ്കാരിക സുരക്ഷിതത്വത്തിന് അത്യന്താപേക്ഷിതമാണ്.

കവിത

# ലോലമുദ്ര



കാലേയെണീറ്റങ്ങ് മോറുകഴുകുമ്പോൾ
കുഞ്ഞിപ്പെണ്ണയ്യോ കരഞ്ഞുപോയി.

എങ്ങുപോയ് മൂക്കുത്തി ഇന്നലേംകൂടി ഞാൻ
കണ്ണാടി നോക്കിച്ചിരിച്ചതല്ലേ?

മുക്കും, മുടുക്കും, കിടപ്പാടമാകയും
ചിക്കിച്ചികഞ്ഞു തളർന്നു പെണ്ണ്.

കണ്ണാലളക്കുന്നു കാൽ നടപ്പാതകൾ,
കണ്ണുനിറഞ്ഞു കുടംകവിഞ്ഞു

പെണ്ണായ നാളിലാ കാതിലെ പൂനുള്ളി
മുത്തശ്ശി തീർപ്പിച്ച പൊൻതാരകം.

മുട്ടടർന്നൂർന്നുവോ ചേറിൽ പുതഞ്ഞുവോ ,
എന്നേയ്ക്കുമായിപ്പിരിഞ്ഞു പോയോ?

ഗദ്ഗദച്ചോപ്പിൽ വിറച്ചൊരാ
പൂമുഖം
നെഞ്ചിലെ കാട്ടിലൊളിപ്പിച്ചതും,
പൊന്നോളെ, പോട്ടെടീയെന്നവൻ ചൊല്ലീട്ടു
മുത്തിയെടുക്കുന്നാ കണ്ണീർക്കുടം.


തീച്ചുണ്ടുകൊണ്ടൊരു വൈരക്കൽ മുക്കുത്തി,
മുക്കിൻതുളയ്ക്കുമേൽ ചാർത്തീയവൻ.

നക്ഷത്രമൊന്നു കുറഞ്ഞന്നു
രാത്രിയിൽ
പാതിരാപ്പൂചൂടി പൊന്നിലഞ്ഞി .

കണ്ടില്ല, കണ്ണാടിപോലുമാ
പെണ്ണിന്റെ
മുക്കിൻ മുനപ്പിലെ ലോലമുദ്ര.



ജബീറ



മഞ്ജു ഗണേഷ്



# യാചന

ഹേ സൂര്യ
ആയിരം പ്രകാശ വർഷങ്ങളിലെ
ഒരു കിരണമെങ്കിലും എനിക്ക് തരിക
നിബിഡ വിപിനങ്ങളിലെ വർഷമേ...
ആകാശത്തുനിന്ന് പതിക്കുന്ന
നിന്റെ മുത്തും പവിഴങ്ങളും എനിക്ക് തരിക
പുഴയോരങ്ങളിലെ നനവ്
ചെമ്പകക്കാടിന്റെ സുഗന്ധം
താഴ്വരകൾക്കപ്പുറത്തെ മലഞ്ചെരുവുകളിൽ
ഹൃദയം പോലെ വന്നലയ്ക്കുന്ന കാറ്റ്

അവനീ..
നിന്റെ വിശുദ്ധമായ സമ്മാനങ്ങൾ എനിക്ക് തരിക
ഞാൻ എന്തായിരുന്നിട്ടില്ലയോ
അതിലേക്ക് എനിക്ക് തിരിച്ചു പോകണം
പ്രകൃതിയിലെ വസ്തുക്കൾക്കെല്ലാമിടയിൽ
ജീവിക്കാനും മരിക്കാനും കഴിയണം
കല്ലുകൾക്കിടയിൽ ഒരു കല്ലായാൽ മതി
നദി ഉരുട്ടിക്കൊണ്ടുപോകുന്ന
ഉരുളും തോറും മൃദുവാകുന്ന കല്ല്



# അക്ഷര ഇതിഹാസത്തിന് 3 കവിതകൾ



നിബിൻ കള്ളിക്കാട്

## 1) യാത്രാമൊഴി

------------------------------

മൃതിമഞ്ഞിൽ മറഞ്ഞക്ഷരയിതിഹാസം
സ്മൃതിമാത്രമാക്കിയകലുന്നു കാലവും
നിളതൻ നിലാച്ചിരാതിൻ നിന്നണയുന്നു
കണ്ണീരിലൊരു കൽവിളക്കിലെ തിരിവെട്ടം

## 2) യുഗപുണ്യം

----------------------

യുഗപ്രവാഹം നിലാപുണ്യം പതിപ്പിച്ച
ദുഃഖചക്രവാളത്തിലെ മഞ്ഞുരൂപം
മൃതിവേനൽ വന്നലിഞ്ഞു പോകേ
അക്ഷരജീവനോ പുനർജന്മജന്മാന്തരം

## 3) കാലാതീതൻ

---------------------------

മൃത്യുവും ശൂന്യമായുൾത്തടം നീറുവാൻ
കാലപ്രവാഹത്തിനക്ഷര ചക്രവർത്തീ
ചെറുപുഞ്ചിരിയാൽ നയിച്ച ജീവയുദ്ധം
വരും ജന്മജന്മാന്തരങ്ങൾക്കടയാളമായി ...!

# നിളയവൾ

ഒഴുകി ഒഴുകി തീരാതെ തീരം തുടിച്ചു....
നിളയിൽ നീ അക്ഷര ചുംബിതയായ്......!

സ്വരാക്ഷരങ്ങളെഴുതിയണിഞ്ഞനേരൃതിൽ
അപുനർഭവചന്തം കോരിത്തരിച്ചു...

ആറ്റുവഞ്ചിപ്പൂവുകൾ കനകകാന്തിയിൽ നൃത്തമാടീ.....

കാത്തിരുന്നു നീരാടി മനംനിറച്ചു ഞാൻ തേജസാംരാ
ശിയെ പുണർന്നു ......

രാത്രിയുടെ യാമങ്ങൾമൂളിടുന്ന കവിതയിൽ
ഇഴുകിച്ചേർന്നുറങ്ങാതിരുന്നു; നീയെന്ന
ആശയെ സ്വതന്ത്രമാക്കാൻ...!

മനം ചേർന്നു പെയ്തമഴനീർതുള്ളികൾ;
ഉടൽ നൂലിഴകളിൽ തുടിതാളമായ്..!

ചിരിച്ചൊഴുകിയവൾ
നിറങ്ങളെപ്പുല്കി ആരാധ്യയായ്.....
മണൽതിട്ടകൾ അലിയിച്ചുറച്ചശുദ്ധമാം
ഉറവതേടി ഒഴുകിടുന്നു.....!

നിന്നിൽ ശേഷിക്കുന്നതെന്തോ എന്നിലുണ്ട്;
ഒരു ആറ്റുവഞ്ചി കുളിരായ് .....

വീണ്ടുമെൻ മോഹമുണർന്നു......!
ഒരു പിടിച്ചാരമായ് സ്വതന്ത്രയായ്
നിന്നിലലിഞ്ഞൊഴുകാൻ.!


നിന്നിൽ മാത്രം നിറഞ്ഞതിരയിൽ
തീരത്തോട് കഥ പറഞ്ഞിരിക്കണം.

അദ്ഭുതരാഗം നല്കിയ ഹേ : ഛായാനാഥാ.....!
പുലർനിലാ നൂലിഴകളെ മിഴികൾ
വിടർന്ന പ്രാതഃകാലം മണൽത്തരികളിൽ കോറിയിട്ടു ;
മരതക പച്ചയിൽ ശോഭിതയാം നിളയെ ......



ജെയ്ന ചക്കാമഠത്തിൽ

# ഗോത്രതാളം



ശ്രീദേവി കടവല്ലൂർ


മഞ്ഞിന്റെ തിരശ്ശീല മലകളെ പൊതിയുന്ന
മകരത്തിൻ മൂടുപടം വകഞ്ഞുമാറ്റി,
നിലാവ് വിതാനിച്ച കൂത്തുമാടങ്ങളിൽ,
കുംഭത്തിൻ കൊടിക്കൂറകൾ പാറുകയായ്.
പടയണി പൂക്കുന്ന കാവുകൾ തോറും പൂരവും വേലയും
 കൊടിയേറി.
കുങ്കുമക്കുറിക്കൂട്ടും മഞ്ഞളും താലത്തിലേന്തി,
തുളുനാടൻ ചേലിൽ സന്ധ്യകൾ വരവായ്.
ഉരുകുന്ന വേനലിൻ പള്ളിവാൾ തിളക്കത്തിൽ,
നിറപറകൾ പൂപ്പറകൾ നിറപൊലിയായ്.
വരിനെല്ലിൻ പുതുമണം തിങ്ങിയ വയലിനുമുണ്ടൊരു,
പഴമയുടെ തിറകളുടെ
 നിറവാർന്ന താളം.
ഗോത്രപൈതൃകത്തിന്റെ ആത്മഹർഷത്തിന്റെ
മനുജന്റെ ജീവിതസ്പന്ദനമേളം.
ആദിമജനനിതൻ കാരുണ്യം തേടി
ആദിമസംസ്ക്കാര സഹനബോധത്തിന്റെ ചടുലതാളം.
തലമുറകൾ തൊഴുതുവലം വച്ച കാവുകളിൽ,
ദ്രാവിഡക്കലകളുടെ വർണഘോഷം.
അസുരവാദ്യങ്ങളും ദേവവൃന്ദങ്ങളും
 ഒന്നായ്ച്ചേരുന്ന ഉത്സവദിനങ്ങളിൽ,
കരിവീരപ്രൗഢിയിൽ
പൊൻതിടമ്പുയരുമ്പോൾ,
ഉയരത്തിൽ പാറട്ടെ മലയാളപ്പെരുമയുടെ
വെൺകൊടിക്കൂറകൾ.



കവിത



# മരണവീട്



**ആകാശ് കിരൺ ചീമേനി**

കൂട്ടുകാരന്റെ
അമ്മ മരിച്ചു.
പൊതിച്ചോറിൽ
എനിക്കുകൂടി
കൊടുത്തയക്കാറുണ്ടായിരുന്ന
സ്നേഹം
ഉള്ളിൽക്കിടന്ന്
തിങ്ങി.

അമ്മയെ
അവസാനമായൊന്നു
കാണാനുറപ്പിച്ച്
അവന്റെ വീട്ടിലേക്ക്
നടന്നു.
എത്ര
നടന്നിട്ടും
വീട് കണ്ടുപിടിക്കാനായില്ല.

നടന്ന് തളർന്നപ്പോൾ
വഴിയിൽക്കണ്ട
ചേട്ടനോട്
കാര്യം അന്വേഷിച്ചു.

ചേട്ടൻ പറഞ്ഞു:
ആ വീടിനി
ആരും കാണില്ല.
അമ്മയോടൊപ്പം
വീടും
മരിച്ചുപോയിരിക്കുന്നു.

# കാലത്തിന്റെ ശൂന്യരേഖ

കവിത





നളിനാക്ഷൻ ഇരട്ടപ്പുഴ

പണ്ടൊരിക്കൽ, ഒരു നാട് സ്വപ്നം കണ്ടിരുന്നു,
കൂട്ടുകുടുംബങ്ങളുടെ സ്നേഹഗാനങ്ങളിൽ.
നാടൻ കളികൾ മണ്ണിന്റെ മടിയിൽ പൊങ്ങി,
ആഘോഷങ്ങൾ തെരുവുകളിൽ കലരുമ്പോൾ
മതവും ജാതിയും കാറ്റിനൊപ്പം പറന്നു,
മതിലുകളില്ലാത്ത സൗഹൃദത്തിന്റെ ലോകം.

പൊതുകുളങ്ങൾ നിറഞ്ഞിരുന്നു ഒത്തൊരുമയാൽ,
ചായപ്പീടികയിൽ മധുരമുള്ള ചിരികൾ പതിഞ്ഞിരുന്നു.
പറമ്പുകൾക്ക് അതിരുകളില്ല,
സ്നേഹത്തിനും തടസ്സങ്ങളില്ല,
ഒന്നുമില്ലാതെ എല്ലാം ആയിരുന്ന
മനസ്സുകളുടെ ഒരു ദീപ്ത കാലം.

ഇന്നെന്തായിതോ?
കാലം തലകീഴായി മറിഞ്ഞുപോയി,
കൂട്ടുകുടുംബങ്ങൾ ചിതലായി,
വീടുകൾ ഉയർന്ന മതിലുകൾക്കുള്ളിൽ
അയൽവാസിയുടെ പേരറിയാതെ,
തണുത്ത ബന്ധങ്ങളുടെ കൂറ്റൻ കൂടാരത്തിൽ.

കുട്ടികളുടെ കണ്ണുകളിൽ
വായുവിന്റെ കാഴ്ചയില്ല,
മൊബൈൽ തിരകളിൽ ഉറങ്ങുപോകുന്ന ജീവിതം.
ചായപ്പീടികൾ പ്രണയത്തിന്റെ ഗാനം മിണ്ടാതെ,
ഹൈടെക് ഭ്രമങ്ങൾ പകർന്ന് നില്ക്കുന്നു.
പാർട്ടികൾ ഗ്രൂപ്പുകളായി,
ഗ്രൂപ്പുകൾ ശത്രുതയായി,
മനസ്സുകൾ മതവും ജാതിയും ചുമന്നൊഴുകുന്നു.

കാലമേ, നിനക്കൊരു ചോദ്യം:
നാളെ നമ്മളിൽ ബാക്കി എന്താകും?
മണ്ണിനെ മനുഷ്യൻ മറന്നപ്പോൾ,
മണ്ണും നമ്മെ മറന്നുപോകുന്നു.
നിഴലുകൾ പോലും ചേരാതെ,
കാറ്റിൻറെ കിനാവുകൾ ചിതറുന്ന
ഒരു ശൂന്യത്തിന്റെ വരികൾ

# ഇതൊക്കെ ശ്രദ്ധിക്കണ്ടേ..?



വിനോദ് ചെത്തല്ലൂർ

കുണ്ടാമണ്ടി കാണിച്ച് വീണ് കൈയിലെ എല്ലൊടിഞ്ഞു കിടക്കുന്ന ക്ലാസ്സ് ലീഡറെ സ്കൂൾ വിട്ട ശേഷം അവന്റെ വീട്ടിൽ പോയി കണ്ട് 'അനുമോദന'ങ്ങളറിയിച്ച്, തന്റെ ഇരുചക്രശകടത്തിൽ മടങ്ങുകയായിരുന്നു ബഹുമാന്യനായ മാഷ്.

വെയിൽ ചാഞ്ഞു ചാഞ്ഞ് റോഡിൽ വീണ് എണീക്കാനാവാതെ തളർന്നു കിടപ്പുണ്ടായിരുന്നു!

പ്രധാന പാതയിൽ നിന്ന് ഇടത്തോട്ട് 'പ്രാന്ത' പ്രദേശ റോഡിലേക്ക് 'ദിശാ സൂചി വെളിച്ചം' പ്രകാശിപ്പിച്ച് തിരിച്ചോടിച്ച് മുമ്പോട്ട് നീങ്ങുമ്പോഴാണ് അത് സംഭവിച്ചത്...പിന്നിൽ നിന്ന് കിടുക്കുന്ന ഒരു മരണ ഹോൺ!

മാഷ് ഞെട്ടിത്തരിച്ച്,അരികിലെ ഓടയിൽ ചാടാതെ ശകടം ഒതുക്കി വെപ്രാളപ്പെട്ട് നോക്കി. 'ഇനി മുമ്പിലേക്ക് കടത്തിവിടില്ല'എന്ന മുന്നറിയിപ്പ് പോലെ വിലങ്ങായി ചവിട്ടി നിർത്തിയ ആഡംബര കാറിൽ നിന്ന് ഡ്രൈവർ മഹാശയൻ ഡൈവ് ചെയ്തിറങ്ങി. വെളുത്ത മുണ്ടും ഷർട്ടും ഇട്ട ഒരു തടിയൻ. കഴുത്തു കാണാത്തതിനാൽ തലയുടെ ഫിറ്റിംഗ് നേരിട്ട് ബോഡിയി ലേക്കാണെന്ന് മാഷ് ഊഹിച്ചു.

മാഷെ കണ്ണുതുറിച്ച് നോക്കി കാതുപൊട്ടുന്ന സംഗീതത്തിൽ ആ 'മൊയലാളി' ഇങ്ങനെ മൊഴിഞ്ഞു..

'പാന്റ്സും ഷർട്ടും അലക്കിത്തേച്ച് ഇങ്ങനെ മിനുങ്ങി നടന്നാൽ പോരാ, കുറച്ചൊക്കെ മര്യാദയും കാണിക്കണം.. വണ്ടി തിരിക്കുമ്പോൾ ഇൻഡിക്കേറ്റർ ഇടാത്തത് ചെറ്റത്തരം ആണ്..!'

അൺപാർലമെന്റേറിയനായ ആ അവസാന വാക്കോടെ, വേനൽക്കാലമായിട്ടും മാഷ് ചെളിയിൽ മുങ്ങിപ്പോയി.

ആദ്യത്തെ 'മാഷേ' വിളി കേട്ടപ്പോൾ ബഹുമാനസൂചകമാണെന്ന് തെറ്റിദ്ധരിച്ച നിമിഷത്തിന് മാഷ് സ്വയം ചെവിക്കു പിടിച്ചു. പാന്റ്സ് ഇട്ടവരോടുള്ള കടുത്ത അസൂയ 'മൊയലാളി'ക്ക് ഉണ്ടെന്നു വരികൾക്കിടയിലൂടെ മാഷ് വായിച്ചെടുത്തു. അല്ലെങ്കിൽത്തന്നെ കുത്തിനിറച്ച ചാക്ക് പോലെ തോന്നുന്ന അയാളുടെ അരക്കെട്ടിൽ ഒരു പാന്റ്സ് എങ്ങനെ ഉറപ്പിക്കാൻ! പാന്റ്സ് വിരോധിയുടെ ഷർട്ടിന്റെ അടിയിലെ മൂന്നുനാല് ബട്ടണുകൾ പോലും മലവെള്ളപ്പാച്ചിൽ തടുത്തുനിർത്തുന്ന തടയണത്തൂണ് പോലെ ഞെളിപിരി കൊള്ളുന്നുണ്ട്!

പെട്ടെന്ന് ചെളിയിൽ വീണു കിടന്ന 'അന്ത'കരണത്തിൽ ധാർമിക ബോധം സടകുടഞ്ഞ് എഴുന്നേറ്റു. 'ബോധം' വന്നപ്പോൾ 'ദിശാസൂചി വെളിച്ചം' പ്രകാശിപ്പിച്ചിരുന്നത് മാഷ് ഓർത്തു. ഓഫാക്കാത്ത ശകടത്തിന്റെ ഇടതുഭാഗത്ത് തെളിഞ്ഞുകിടക്കുന്ന പ്രസ്തുത ദീപാലങ്കാരം മാഷ് ആ 'വെള്ളച്ചാക്കി'ന് കാണിച്ചു കൊടുത്തു.

അതോടെ കുരച്ചുവന്ന ശ്വാനന്റെ വാല് കാലുകൾക്കിടയിൽ തിരുകിയ പരുവത്തിലായി ആ മഹാശയൻ. നിജസ്ഥിതി വീണ്ടും വിലയിരുത്താനായി മാന്യദേഹം മാഷിന്റെ വണ്ടിക്ക് ചുറ്റും ഒന്ന് റോന്തു ചുറ്റി.പിൻഭാഗത്ത് നിന്നും വീണ്ടും കുര കേട്ടു....

'ഇബടത്തെ ലൈറ്റ് കത്ത്ണില്ല...!'

മാഷിന് ആ റിപ്പോർട്ടിംഗ് വ്യാജമാണെന്ന് തോന്നിയതിനാൽ, ശകടം ഓഫാക്കാതെ സൈഡ് സ്റ്റാൻഡിൽ ഇട്ട് ഭൂമിയിലേക്കിറങ്ങി. റിപ്പോർട്ട് ചെയ്യപ്പെട്ട 'മൂഡ് ഓഫ്' നിജമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ഇതിനിടെ 'കുര'ഒന്നു മയപ്പെട്ടു...

'ഇതിന്റെ പിന്നിലെ ബ്രേക്ക് ലൈറ്റും ഇൻഡിക്കേറ്ററും കത്ത് ണില്ല മാഷേ....വല്ല എലിയും കരണ്ടതാവും..
...ന്നാലും ഇതൊക്കെ വണ്ടിക്കാര് നന്നായി ശ്രദ്ധിക്കാത്തതാ കൊഴപ്പം....'

അയാൾ മാഷിന് വാക്കുകൊണ്ട് വീണ്ടും ഒരു കുത്തുകൊടുത്ത് ആഡംബരക്കപ്പലിൽ കയറി കുതിച്ചുപാഞ്ഞു..

മാഷ് എലികുലത്തെ ഒന്നാകെ മുക്തകണ്ഠം ശപിച്ചു! ഇരുചക്രനെ സാധാരണ കാണിക്കാനുള്ള തൊട്ടടുത്ത വർക്ക് ഷോപ്പിൽ കയറ്റി. വിദഗ്ധചികിത്സകൻ അഭിപ്രായപ്പെട്ടു...

'ഇന്ന് സൂര്യവെളിച്ചം കട്ടായതിനാൽ അസിസ്റ്റന്റ് സർജൻ ഇപ്പോൾ ഡ്യൂട്ടി അവസാനിപ്പിക്കും... ആകയാൽ ശകടനെ നാളെ രാവിലെ വെറും വയറ്റിൽ ഹാജരാക്കിയാൽ മതി.അപ്പോൾ സർജറി നടത്താം..'

ഒരു 'റാൻ' കൊടുത്ത് മാഷ് വണ്ടി വിട്ടു.

രണ്ടു നാഴിക ചെന്നപ്പോൾ നാട്ടങ്ങാടിയിൽ പൂരത്തിന്റെ ആൾക്കൂട്ടം..വലിയ കശപിശ. അതിനു നടുവിൽ മുമ്പേ ഗമിച്ച ആഡംബരക്കപ്പൽ കുടുങ്ങിക്കിടക്കുന്നു.

ശകടം ഒതുക്കി അടുത്തു കണ്ട പരിചയക്കാരനോട് മാഷ് ചോദ്യം പാസാക്കി.

'എന്തൂട്ടാ സംഗതി?'

'ആ വീട്ടിലെ പോമറേനിയൻ പട്ടിക്കുട്ടിയെ ഈ ആഡംബരൻ ഇടിച്ചു കാലപുരിക്കയച്ചു.. മൊബൈൽ ഫോണിൽ പേശി കപ്പലോടിച്ച പഹയൻ റോട്ടിലേക്ക് ഇറങ്ങിയ പാവം പട്ടിക്കുഞ്ഞിനെ ശ്രദ്ധിച്ചില്ല എന്ന ദൃക്സാക്ഷി റിപ്പോർട്ടുണ്ട്... മധ്യസ്ഥ സംഘവും കൊലയാളിയും സമാധാനക്കരാർ തയ്യാറാക്കുകയാണ്.... ഒന്നൊറപ്പാ...പതിനായിരം എങ്കിലും കിട്ടാതെ ബന്ധി മോചിപ്പിക്കപ്പെടില്ല..'

മാഷിന്റെ ഉള്ളിൽ സന്തോഷത്തിന്റെ ഗോലിസോഡ ശബ്ദത്തിൽ പൊട്ടി... നുരഞ്ഞു പതഞ്ഞൊഴുകി..'

'ഇതൊക്കെ ശ്രദ്ധിക്കണ്ടെ അമ്പാനേ....!' എന്ന് അവിടെ ചെന്ന് പറയാൻ തോന്നിയെങ്കിലും സമാധാനപ്രിയനായ മാഷ് 'കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ' എന്ന പൂന്താനം ലൈനിൽ ഭവനത്തിങ്കലേക്ക് ശകടഗമനം തുടർന്നു. ●

കഥ

story

# രണ്ടു ശാഖകൾ!

## ഒന്ന് മുറിച്ചു മാറ്റിയതും മറ്റൊന്ന് അടർന്നു മാറിയതും





ഫൈസി മന്ദലാംകുന്ന്

**വീ**ട്ടിൽ പെട്ടെന്ന് ഒരു അങ്കലാപ്പ് പടർന്നു കേട്ടുകേൾവിയില്ലാത്ത കാര്യമാണ് ഒരിക്കൽ വേണ്ടാന്നുവെച്ച ഭർത്താവിനെ വീണ്ടും തേടി പോവുകയോ? എങ്ങനെയായാലും അതൊരു അന്യ പുരുഷനായി മാറിയില്ലേ..?

ആ തള്ളക്ക് നൊസ്സാണ്! എന്നുവരെ കുടുംബങ്ങളിൽ അടക്കം പറച്ചിലുകൾ നടന്നു..

പക്ഷേ കുഞ്ഞാച്ചുവിൻറെ പക്ഷവും ശരിയായിരുന്നു..

മക്കളെ ഹജ്ജിനു പോകുമ്പോൾ എല്ലാരെക്കൊണ്ടും പൊരുത്തപ്പെടീപ്പിക്കണം..

അത് ഇന്റേന്ന് വന്നൊരു പിഴവാണ്

അന്ന് അത്രയേ ബുദ്ധി ഉണ്ടായിരുന്നുള്ളൂന്ന് കൂട്ടിക്കോളീ.

ഒന്ന് കാണുക പൊരുത്തപ്പെടീപ്പിക്കുക തിരിച്ചുപോരുക അത്രേ വേണ്ടൂ...

ലത്തീഫുകാക്കും അതിൽ എതിർപ്പൊന്നും ഇല്ല.

ഓളൊരു നല്ല കാര്യത്തിന് പോവല്ലേ! അപ്പൊ പൊരുത്തം കിട്ടുന്നെടത്തൊന്നു ഒക്കെ ഓള് വാങ്ങിച്ചോട്ടെ' ഇതാണ് മൂപ്പരുടെ ലൈൻ.

അറുപതാമത്തെ വയസ്സിലാണ് കുഞ്ഞാച്ചുവിനു ഹജ്ജ് ചെയ്യാനുള്ള ഭാഗ്യം കിട്ടിയത്.

'എനിക്കിപ്പോളാ യോഗം ഉണ്ടായത് എന്ന് കൂട്ടിക്കോളീ ഏറെ കാലത്തെ ദുആ പടച്ചോൻ ഇപ്പളാ സ്വീകരിച്ചത്' കുഞ്ഞാച്ചു അങ്ങനെ സ്വയം സമാധാനിച്ചു. ഒപ്പം മറ്റുള്ളവരോട് അതുതന്നെ പറയുകയും ചെയ്തു.

ആയിഷ എന്ന കുഞ്ഞാച്ചു ഹജ്ജിനു ഒരുങ്ങുകയാണ് കെട്ടിക്കൊണ്ടു വരുമ്പോൾ ആയിഷ എന്നായിരുന്നു പേ

ര് അന്ന് ലത്തീഫുക്കാടെ സഹോദരിയുടെ പേരും ആയിഷ എന്നായത് കാരണം ഈ ആയിഷ കുഞ്ഞു ആയിഷയായി

അത് പിന്നീട് കുഞ്ഞാച്ചു ആയി. ഇപ്പോ റേഷൻ കാർഡിലും തിരിച്ചറിയൽ കാർഡിലും ഒക്കെ അത് തന്നെ പേര്

സുലൈമാൻ എന്നാണ് ആളുടെ പേര് ചാവക്കാട് ആൾക്കൊരു കടയുണ്ടായിരുന്നു ഒരു സ്റ്റേഷനറി കട ചേറ്റുവയിലാണ് വീട് കിരിയത്ത് വീട് അങ്ങനെ എന്തോ ആണ് വീട്ടുപേര്

ഇത്രയും വിവരങ്ങൾ കുഞ്ഞാച്ചുവിന് അറിയാം ഇത് വെച്ചാണ് അന്വേഷണം.

രണ്ട് മക്കളാണ് കുഞ്ഞാച്ചുവിന് ഒരാണും ഒരു പെണ്ണും. അവർക്ക് ഓരോ പെൺകുട്ടികൾ ഏകദേശം സമപ്രായക്കാർ ആശിഫയും സിനുവും.

അവർ കുഞ്ഞാച്ചുവിന്റെ ഒപ്പം കൂടി കഥ കേൾക്കാനായി മാത്രമല്ല ഇതിന്റെ അന്വേഷണ നേതൃത്വം കൂടി ആ പേരക്കുട്ടികൾ ഏറ്റെടുത്തു...

ആയിഷ..

മധുരപതിനേഴിന്റെ ആരംഭം.

ടൈലറിങ് ക്ലാസ്സിൽ വെച്ചാണ് അവൾ ഫൈസൽനെ പരിചയപെടുന്നത്.. കണ്ണുകൾ പരസ്പരം കോർത്തു വലിച്ചപ്പോൾ നുണക്കുഴി വിരിഞ്ഞത് ആയിഷയിലായിരുന്നു.

ഫൈസലിന്റെ മുഖത്തു കുസൃതിയും. കഥയും കവിതയും ടൈലറിങ്ങും എല്ലാമായി ഒന്നര വർഷങ്ങൾ ഓടി മറഞ്ഞു. പിരിയില്ലോന്നൊരു നേരിന്റെ വാക്ക് ഒരു സത്യമായി അവരിൽ അന്നുണ്ടായിരുന്നു.

ദിവസങ്ങൾക്ക് എന്തൊരു വേഗതയാണ് ആയിശയുടെ പെണ്ണ് കാണൽ എതിർപ്പിന്റെ എല്ലാ മുൾവേലികളും ആയിഷ അവർക്ക് മുൻപിൽ നിരത്തിയെങ്കിലും കാർന്നോരുടെ ഉഗ്രശാസനകൾ രാജശാസനകൾക്ക് തുല്യമായിരുന്നു. അങ്ങനെയാണ് സുലൈമാൻ ആയിഷയെ നിക്കാഹ് കഴിക്കുന്നത്.ആദ്യ രാത്രിയിൽ തന്നെ ആയിഷ അയാളോട് വിവരങ്ങൾ തുറന്നു പറഞ്ഞു.

'എനിക്ക് ഒരാളെ ഇഷ്ടമാണ്. ഇത് എനിക്ക് ഇഷ്ടമില്ലാത്ത കല്യാണം ആണ്. ഇങ്ങള് എന്നെ സഹായിക്കണം ഇല്ലെങ്കിൽ സത്യമായും ഞാൻ കെട്ടിതൂങ്ങി ചാവും'.

ആദ്യ രാത്രിയാണ്.

കസവ്കരയുള്ള മുണ്ടും ജുബ്ബയും അണിഞ്ഞ് മനസ്സിൽ ഒരുപാട് കിനാക്കളുമായി മണിയറയിൽ ഇരിക്കുന്ന സുലൈമാന്റെ മുഖത്ത് നോക്കാതെയാണ് ആയിഷ ഇത്രയും പറഞ്ഞു ഒപ്പിച്ചത്.

.ഭയം കൊണ്ട് അവൾ കിതക്കുന്നുണ്ടായിരുന്നു..

അയാളുടെ ഒരു പൊട്ടിത്തെറിയോ മുഖം നോക്കിയുള്ള ഒരടിയോ ആണ് അവൾ പ്രതീക്ഷിച്ചത്.

എന്നാൽ അയാൾ ഒന്നും മിണ്ടിയില്ല. അനക്കമറ്റ് അങ്ങനെ ഇരുന്നു.

നിലത്ത് ചുമർ ചാരി ആയിഷയും. കണ്ണീരിന്റെ ഗദ്ഗദവും ദീർഘനിശ്വാസത്തിന്റെ നെടുവീർപ്പുകളും മാത്രം..

പാതിരാവിന്റെ ഏതോ യാമത്തിൽ ആ മണിയറയുടെ വാതിൽ തുറന്ന് അയാൾ ഇറങ്ങി നടന്നു.

അതായിരുന്നു ആദ്യ ദാമ്പത്യം ആദ്യ രാത്രിയും..

മാസങ്ങൾ പിന്നെയും നീണ്ടു പോയി അതിനിടയിൽ ചർച്ചകൾ.. തീരുമാനങ്ങൾ...

പക്ഷേ ഒന്നിനും അവരെ ചേർത്തുവെക്കാൻ ആയില്ല. ചർച്ചകൾ വിവാഹമോചനം വരെ നീണ്ടു എന്ന് മാത്രം.

ആയിഷ ഫൈസലിനെ കാണാനും ബന്ധപ്പെടാനും ശ്രമിച്ചെങ്കിലും അയാൾ നാട്ടിൽ ഇല്ല എന്ന വിവരം അവളെ ഞെട്ടിച്ചുകളഞ്ഞു.

'ന്റെ റബ്ബേ ഞാൻ ചതിക്കപ്പെട്ടു'. ഇത് സുലൈമാന്റെ കണ്ണീരിന്റെ ശാപം..

'പെണ്ണിന്റെ മാത്രമല്ല ആണിന്റെ കണ്ണീരിനും ഉപ്പു രസമാണ്'.

അക്കാലത്തു ഫൈസൽ ഏതോ സൂഫി സംഘത്തോടൊപ്പം ചേർന്നിരുന്നു.. ആത്മീയതയും സംഗീതവും യാത്രകളും എല്ലാം അയാളെ മറ്റൊരു ജീവിതത്തിലേക്ക് നയിച്ചു.

അയാൾ സംഗീതവും യാത്രകളുമായി ആത്മീയതയോടപ്പം അങ്ങനെ സഞ്ചരിച്ചു.

മറ്റെല്ലാം അയാൾ മറന്നിരുന്നു.

ഒരിക്കൽ പോലും ആയിഷയെ കാണാൻ അയാൾ ശ്രമിച്ചതുമില്ല...

'ചുരുക്കി പറഞ്ഞാൽ നല്ല തേപ്പു കിട്ടി അല്ലേ'

സിനുവിന്റെ ചോദ്യം ആശിഫയിലും ചി

രി പരത്തി..
'പിന്നെ എപ്പോഴാ വെല്ലിപ്പാനെ...'
അതൊക്കെ അങ്ങനെ നടന്നു.

കുറച്ചു കാലം എല്ലാവരും ഒറ്റക്ക് ജീവിക്കും. പിന്നെ ജീവിതത്തോട് ഒരു മടുപ്പ് തോന്നും. അപ്പോഴാണ് ഒരു കൂട്ട് വേണമെന്ന് തോന്നുക. കാർന്നോക്കന്മാർ ഉള്ള വീട്ടിൽ അതൊക്കെ അതിന്റെ മുറ പോലെ വേണ്ട സമയങ്ങളിൽ വേണ്ടത് പോലെ നടക്കും.

ഇക്കാലത്തു ആണ് പ്രശ്നം. ഒരു കുടുംബത്തിലും സംസാരിക്കാൻ ആളില്ലാലോ...

.അത് കൊണ്ട് ന്താ കല്യാണം കഴിയുന്നു. ഒന്നും രണ്ടും പറഞ്ഞു പിണങ്ങുന്നു. ഇറങ്ങി പോരുന്നു.പിന്നെ കേസും വേർപിരിയലും. ഇതൊക്കെ ഇപ്പൊ സാധാരണ ആയില്ലേ..!

ഇന്നിപ്പോ കേറി ചെല്ലാൻ ഒരു വീട് ഉണ്ടാകും സ്വീകരിക്കാൻ മാതാപിതാക്കളും..

' പണ്ട് അങ്ങനെ അല്ല

പട്ടിണിയിൽ നിന്നും ദുരിതത്തിൽ നിന്നും പ്രായപൂർത്തിയായ ആണും പെണ്ണും എല്ലാം ഒന്നിച്ചു കിടക്കുന്നതിൽ നിന്ന് സ്വകാര്യമില്ലായ്മയിൽ നിന്ന്

അങ്ങനെ എല്ലാത്തിൽ നിന്നുമുള്ള

ഒരു മോചനം ഒരു രക്ഷപ്പെടുത്തൽ അതായിരുന്നു അന്ന് കല്യാണം..

തിരിച്ചു ചെല്ലാനിടമില്ല. എത്തിയിടത്തു കടിച്ചു പിടിച്ചു നിൽക്കും. ചിലപ്പോൾ എത്തിയ ഇടം പോയ ഇടത്തെക്കാൾ നരകമായിരിക്കും. പിന്നെ സഹനമാണ് അപ്പോഴേക്കും മക്കൾ ആയിട്ടുണ്ടാവും പിന്നെ ആ സാഹചര്യത്തോട് പൊരുത്തപ്പെടലാണ്.

'പിന്നെ ഒരിക്കലും നിങ്ങൾ ഫൈസലിനെ കണ്ടിട്ടില്ലേ നിങ്ങളെ തേച്ച ആളെ' 'ആഷിഫ ആകാംക്ഷയുടെ മുൾമുനയിൽ ആയിരുന്നു.

'പിന്നെ പലവട്ടം'.

ഞാൻ അവൻറെ പ്രണയത്തെ തെറ്റിദ്ധരിച്ചതായിരുന്നു.

അത് ഇങ്ങള് കരുതുന്ന പോലത്തെ പ്രണയം ഒന്നുമല്ല കുട്ടികളെ.. കിളികളോടും,പുഴകളോടും,കാറ്റിനോടും, മലയോടും,യാത്രയോടും,പ്രണയിച്ചു നടക്കുന്ന ഒരാൾ..

അതേ ചിന്തകൾ ഉള്ള മറ്റൊരാളെ കണ്ട് മുട്ടുമ്പോൾ ഉണ്ടാകുന്ന ഒരാത്മ ബന്ധമുണ്ട്. അതിനെ പ്രേമം എന്നൊന്നും വിളിക്കാൻ കഴിയില്ലെങ്കിലും.

അതൊരു പ്രണയമാണ് നിർവചിക്കാനാവാത്ത ബന്ധമാണ്..

'ഉമ്മമ്മ റൊമാൻസ് മൂഡിലേക്ക് മാറുന്നു'

ആശിഫ കളിയാക്കി..

പിറ്റേന്ന് ആശിഫയും സിനുവും കൂടി ചേറ്റുവയിൽ പോയി സുലൈമാൻറെ വീട് അന്വേഷിച്ചു.

കണ്ടുപിടിക്കാൻ അത്ര ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല.

പക്ഷേ രണ്ടുവർഷം മുമ്പ് സുലൈമാൻ സാഹിബ് മരിച്ചുപോയി എന്ന വേദനിപ്പിക്കുന്ന വാർത്തയുമായാണ് അവർ തിരിച്ചു വന്നത്.

'എങ്കിൽ എനിക്ക് ആ കബറിങ്ങൽ പോയി യാത്ര പറയണം'..

'അല്ല പെണ്ണുങ്ങൾ കബറിങ്ങലേക്ക്..
അങ്ങനൊരു പതിവ്'..

'അതെന്താ കബറിങ്ങൽ പോയാൽ.. ഞാൻ അറിയാത്ത തങ്ങന്മാരുടെയും മുസ്ലിയാക്കന്മാരുടെയും ജാറത്തിൽ പോകുന്നില്ലേ? അതിനു തെറ്റില്ലെങ്കിൽ എനിക്കറിയാവുന്ന ഒരാളുടെ കബറിങ്ങൽ പോകുന്നത് കൊണ്ട് ഒരു തെറ്റുമില്ല'..

വാദമാണ്.. മറുപടിയില്ല..

അസ്സലാമു അലൈക്കും.. അഹ്‌ലൻ ദിയാരി മുനിൽ മുഅ്മിനീൻ...

എന്ന് പറഞ്ഞു തുടങ്ങുന്ന പ്രാർത്ഥന കൊണ്ട് സലാം പറഞ്ഞു സുലൈമാൻ സാഹിബിന്റെ കബറിന്റെ ചാരത്തു നിന്നു ആയിഷ എന്ന കുഞ്ഞാച്ചു മനസ്സ് കൊണ്ട് മാപ്പ് പറഞ്ഞു.. യഥാർത്ഥത്തിൽ കുഞ്ഞാച്ചുവിന്റെ ഹജ്ജ് അവിടെ പൂർണ്ണമാവുകയായിരുന്നു..

കുഞ്ഞാച്ചുവും കുട്ടികളും തിരിച്ചു നടന്നു

ഒരു ചാറ്റൽ മഴ..

ചില കബറുകളിൽ മൈലാഞ്ചി ചെടികൾക്ക് പകരം മനോഹരമായ പൂക്കൾ വിടർന്നു നിൽക്കുന്ന ചെടികൾ. തണുത്തൊരു കാറ്റ് അവരെ തഴുകി ഒഴുകി....

അതിങ്ങനെ മറ്റൊരു കബറിന്റെ മീസാൻ കല്ലിൽ തട്ടി നിന്നു.

ജനന തീയതിയും മരണ തീയതിയും എഴുതിയ ആ മീസാനിൽ എഴുതിയ പേര് ഫൈസൽ എന്നായിരുന്നു....




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

കവിത.

## മണൽക്കൂനകൾ

മരുഭൂവിൽ മണൽത്തരികൾ
കുന്നുകൂടാറുണ്ട്

ഉഷ്ണം ദ്രംഷ്ടകളാഴ്ത്തിയ
മണലാരണ്യത്തിൽ
ഉരുകുന്ന പ്രാണനറിയാം
ദാഹത്തിന്റെ വില

ഒട്ടകങ്ങളിൽ പ്രതീക്ഷ തിരിയിടും
പ്രകൃതി കനിഞ്ഞ മരുപ്പച്ച
കാണുന്ന മാത്രയിൽ

അനിശ്ചിത പാതകളിലൂടെ അലഞ്ഞ്
ഏകാന്തതയിൽ പശിയെ കൂട്ടുപിടിച്ച്
ആട്ടിൻപറ്റത്തിൽ വിഹായുസ്സ്
തീർത്ത 'നജീബ്' ചിത്രങ്ങൾ
ആടുജീവിതം കാണിക്കുന്നുണ്ട്

മരുഭൂമി തേറ്റയാഴ്ത്തുമ്പോൾ
നീറിപ്പുകയുന്ന പച്ചമെയ്യുകളുടെ രോദനം
ലോകമഖിലം കേൾക്കാം

**ഷഹൽ പൂളമണ്ണ**
മഅ്ദിൻ സ്കൂൾ ഓഫ് എക്സലൻസ്
Class : 8

കവിത.

## തണൽ മരം

മനസ്സിലെ ആഴക്കടലിൽ
സ്വയം ജ്വലിക്കുന്ന സൂര്യനായി
നിൻ പ്രഭാകിരണം എങ്ങും പ്രശോഭിതം
നിൻ വിയർപ്പും ത്യാഗവും
എൻ ജീവൻ ഉടിപ്പിന് ഹേതവോ
കഷ്ടപ്പാടിൻ മാറാപ്പുമേന്തി
എന്നിലായ് ഉരുകി തീർന്നതും
ആ അന്തകാരത്തിൻ വിളക്കായി
മാറിയതും നീയല്ലയോ?
എൻ സ്വപ്നങ്ങൾക്ക് ജീവൻ
നൽകി ഇമ്പം നീ ചേരുന്നു
എൻ തണൽ മരമേ

ശമ്മാസ് വി (ഐ ടു)
7th class
Jamia Ainul Huda, Kappad

കവിത.

## ചിപ്പി

കടലിനടിയിൽ തിളങ്ങും നിൻ രൂപം
കാണാൻ എന്ത് ഭംഗി
അതുപോലെ തിളങ്ങുന്നു
നിൻ മനവും

**ആരാധ്യ വർമ്മ സി.കെ**
ANMMUPS തളി
5 B

കവിത.

## മഴയിൽ പറ്റിയത്

നല്ല മഴയുള്ള ഒരു ദിവസം 3 പൂച്ച കുട്ടികൾ മഴയത്ത് തണുത്ത് വിറച്ച് അമ്മയെ കാത്തിരുന്നു.അതു വഴി പോയ ചേച്ചി അവർക്ക് മഴ നനയാതിരിക്കാൻ ഒരില കൊടുത്തു. അപ്പോൾ ആ വഴി ഒരു ബസ് വന്നു. അതിന്റെ മുകളിൽ ഒരാടും നായയും കയറിയത് ബസിലുള്ളവർ അറിഞ്ഞിരുന്നില്ല. വഴിയിൽ ഇല അനങ്ങുന്നത് കണ്ട് ഡ്രൈവർ ബ്രേക്ക് ചവിട്ടി. പെട്ടെന്ന് വണ്ടി നിന്നപ്പോൾ മുകളിലിരുന്ന നായയും ആടും താഴെ വീണു. നായയെ കണ്ട് പൂച്ച കുട്ടികളും ആളുകളെ കണ്ട് നായയും ആടും പേടിച്ചോടി. താഴെ ഇറങ്ങിയ ആളുകൾ എന്താപ്പൊ ഇവിടെ ഉണ്ടായെ എന്നറിയാതെ അങ്ങോട്ടുമിങ്ങോട്ടും നോക്കി അന്തം വിട്ടു നിന്നു

ദ്വിവിക് വർമ്മ സി.കെ
1 A
ANMMUPS തളി

**കഥ**

# മഴ നനയുന്ന പാവ


അമ്മേ... അമ്മേ... ഒന്നു നിർത്തമ്മേ... വാഹനം ഓടിച്ചു കൊണ്ടിരുന്ന അമ്മയോട് പിൻസീറ്റിൽ നിന്നും മീര കരഞ്ഞു പറഞ്ഞു. കരച്ചിലിന്റെ ഏങ്ങലടി തിരമാലയോളം ഒച്ചപ്പാടുണ്ടാക്കിയതിനാൽ അമ്മ വണ്ടി ഓരം നിർത്തി. പവർ ബ്രേക്കിട്ട് പിൻ സീറ്റിലേക്ക് മീരയെ രൂക്ഷമായൊന്ന് നോക്കിയപ്പോഴേക്ക് അവൾ പിൻഭാഗത്തെ ഡോർ തുറന്ന് പുറത്ത് കടന്നിരുന്നു. ഒരു നിമിഷം പകച്ചുപോയ അമ്മ തന്റെ മകളെ ഉച്ചത്തിൽ എന്നാൽ ഒരല്പം അമർഷത്തോടെ വിളിച്ചു, 'മീരാ... നീയെന്താ ചെയ്യുന്നതെന്ന് നിനക്കെന്തേലും ബോധമുണ്ടോ? തോന്നുമ്പോൾ ചാടി ഇറങ്ങാനായിട്ട് ഇത് നിന്റെ കുഞ്ഞൻ സൈക്കിൾ അല്ല.'

മീര ഒന്നും മിണ്ടിയില്ല. തനിക്ക് നേരെയുള്ള അമ്മയുടെ ദേഷ്യപ്രകടനത്തെ തെല്ലു ഭയത്തോടെ അവൾ നോക്കി നിന്നു. നീണ്ട നേരത്തെ ശകാരത്തിനിടയിലാണ് അവൾ അതു തിരിച്ചറിഞ്ഞത്; തങ്ങളിപ്പോൾ ആ പാർക്കിൽ നിന്നും ഏറെ ദൂരത്താണ്. എങ്കിലും മറുത്തൊന്നു ചിന്തിക്കാതെ അവൾ ദൂരേക്ക് ഓടാൻ തുടങ്ങി. ഓടുന്നതിനിടയിലും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. തനിക്കൊപ്പമുള്ള തന്റെ പ്രിയപ്പെട്ട പാവയെ അവൾ നോക്കി. ശേഷം ഒരു അമ്മയുടെ വാത്സല്യത്തോടെ അവൾ അതിനെ എടുത്ത് കൊഞ്ചിച്ചു. അപ്പോഴേക്കും അവിടെ കൂടിയെത്തിയ തന്റെ അമ്മയെ കണ്ടുള്ള ഭയത്തിൽ മീര തന്റെ പാവയെ പാർക്കിലെ ബെഞ്ചിന് താഴെയായി ഒളിപ്പിച്ചു. പക്ഷേ താഴ്ഭാഗം ഒഴിഞ്ഞു കിടന്നിരുന്ന കാലി ബെഞ്ചിൽ തനിച്ചിരിക്കുന്ന പാവയെ അമ്മ ഒറ്റനോട്ടത്തിൽ തന്നെ കണ്ടുപിടിച്ചു. ആക്രോശത്തോടെ അവൾക്ക് അരികിലേക്ക് ഓടിവന്ന അമ്മ താഴെ നിന്നും അവൾ ഒളിപ്പിച്ച പാവയെ വലിച്ചെടുത്ത് ബെഞ്ചിന് മുകളിലായി വെച്ചു. 'ഞാനിതിനെ ദൂരേക്ക് വലിച്ചെറിയണോ അതോ നീ എന്റെ കൂടെ പോരുന്നോ... '

ഉമ്മ മീരയോടായി ചോദിച്ചു. മീര അടുത്തുള്ള ബെഞ്ചിന്റെ കമ്പികളിൽ മുറുക്കി പ്പിടിച്ചു.

മനക്കരുത്തോളം ദൃഢമുള്ള അമ്മയുടെ കൈക്കരുത്തിനു മുന്നിൽ മീര നിഷ്പ്രയാസം തളർന്നു. കലങ്ങിയ കണ്ണും ഇടറിയ ശബ്ദവും കൊണ്ട് അവൾ അമ്മയെ നോക്കി കരഞ്ഞു. കാർമേഘം കണക്കെ കലങ്ങിമറിഞ്ഞ് കുലംകുത്തി പെയ്യുന്ന പേമാരി കണക്കെ കരയുന്നത് കണ്ടു അമ്മ കുറച്ചുനേരം അവളെ പാവയ്ക്കൊപ്പം കളിക്കാൻ വിട്ടു. അമ്മയുടെ ചൂടാർന്ന കൈ വളയങ്ങൾക്കിടയിൽ നിന്നും തന്റെ കൈകളെ സ്വതന്ത്രയാക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിൽ അവൾ തന്റെ പാവയ്ക്ക് ചുറ്റുമെന്ന വണ്ണം പാർക്കിലുടനീളം ഓടിക്കളിച്ചു. കാണാൻ ചാര നിറത്തിൽ പിന്നിയിട്ട മുടിയും കീറിപ്പറിഞ്ഞ വസ്ത്രവും കണ്ണിനും മറ്റു ശരീരഭാഗങ്ങൾക്കും പകരമായി തുന്നി പിടിപ്പിച്ചിരിക്കുന്ന ബട്ടനും തുണിയുടെ കഷ്ണങ്ങളും... കാണാൻ ഒരല്പം വികൃതമാണെങ്കിലും ആ പാവ രൂപത്തെ അവൾ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്നു. പലതവണകളിലായി ഉപേക്ഷിക്കാൻ അമ്മ ശ്രമം നടത്തിയിട്ടും മീര സമ്മതിച്ചിരുന്നില്ല. എന്നാൽ ഇനി അതിനൊക്കുമോ എന്ന ഒരു ആശങ്ക അവൾക്കുള്ളിൽ ഉടലെടുത്തു. പതിയെ തന്റെ കയ്യിലെ പാവയെ അവൾ ബെഞ്ചിന് മുകളിൽ വെച്ചു. തലയുയർത്തി ആകാശത്തേക്ക് നോക്കിയപ്പോൾ ഇരുട്ടുമൂടിയ അന്തരീക്ഷത്തിൽ കൂടുതൽ കറുപ്പ് പകർത്തി കാർമേഘങ്ങൾ പെയ്യാൻ വിതുമ്പി നിൽക്കുന്ന പോലെ. അവളുടെ നനവാർന്ന കൺതടത്തിലേക്ക് ആകാശത്തിലെ വിരുന്നുകാരിൽ ഒരാൾ വന്നു പതിച്ചു. പിന്നെ ഇടതടവില്ലാതെ മഴത്തുള്ളികൾ വന്നു പതിക്കാൻ തുടങ്ങി. അപ്പോഴേക്കും അമ്മ മീരയെ കാറിനുള്ളിലേക്ക് കയറ്റാനുള്ള തിടുക്കത്തിലായിരുന്നു. എന്നെങ്കിലുമൊരിക്കൽ തിരികെ വരാനാവും എന്ന പ്രതീക്ഷയോടെ അവൾ തന്റെ പാവയെ നോക്കി. കണ്ണിൽ കടലാഴം നിറച്ച നീലക്കണ്ണുള്ള ആ പാവ അവളെ നോക്കി കരയുന്നതായി മീരയ്ക്കും തോന്നി. എന്നാലും അടക്കിപ്പിടിച്ച സങ്കടവുമായി അവൾ തന്റെ വീട്ടിലേക്ക് യാത്ര തിരിച്ചു. തന്റെ പ്രിയപ്പെട്ട കൂട്ടുകാരി തന്നിൽ നിന്നും മറയുന്നതും നോക്കി അവിടെയാ പാർക്കിൽ പുതിയ പ്രതീക്ഷയോടെയും എന്നെങ്കിലും അവൾ തിരികെ വരുമെന്ന വിശ്വാസത്തോടെയും മഴ നനഞ്ഞു കൊണ്ടിരുന്നു.

**ആരാധ്യ പി.ടി**
7 C, ജി.എം.യു.പി സ്കൂൾ
വെന്നിയൂർ



അദ്വൈദ് . V.R, 5th std,
St. Aloysius UP school, Elthuruth.



Joseph N.J, 3.C,
St.Mary's CBPS school,
Kottekkadu



Sravanithka.V.S, I D,
Navajeevan Bethany,
Vidyalaya Nalanchira,
Thiruvananthapuram





Joshwin N.J., 1 C, St. Marys CBPS School Kottekkadu




കാശിനാഥ്. എ .ആർ, 2 B, സെൻറ് ജോസഫ് ഹൈസ്കൂൾ ഏനാമാക്കൽ

# കറ്റ കെട്ട ഘടികാരം

**സന്തോഷ്കുമാർ കെ.**

**നി**ത്യാലക്ഷ്മിയുടെ നാലാമത്തെ പുസ്തകവും മൂന്നാമത്തെ ചെറുകഥാ സമാഹാരവുമാണ് കറ്റ കെട്ട ഘടികാരം. നിത്യയുടെ ഇതിന് മുൻപ് ഇറങ്ങിയ രണ്ടു ചെറുകഥാ സമാഹാരങ്ങളും ഒരു കവിതാ സമാഹാരവും നല്ല വായനാനുഭവം പ്രദാനം ചെയ്തിരുന്നതിനാൽ തന്നെ ങമിസശിറ പ്രസിദ്ധീകരിച്ച കറ്റ കെട്ട ഘടികാരവും മികച്ച രചന തന്നെയാകുമെന്ന് ഉറപ്പായിരുന്നു. പുസ്തകം ആ പ്രതീക്ഷകളൊന്നും അസ്ഥാനത്താക്കിയില്ല എന്നതാണ് ശരി.




നിത്യാലക്ഷ്മിയുടെ ആദ്യ പുസ്തകങ്ങളെല്ലാം സ്ത്രീപക്ഷ രചനകളായിരുന്നെങ്കിലും കറ്റ കെട്ട ഘടികാരം പുരുഷപക്ഷത്തു നിന്നാണ് കഥ പറയുന്നത്. സ്വന്തം ജീവിതം കൺമുന്നിലൂടെ ഒലിച്ചു പോകുന്നത് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്നവരുടെ, ജീവിതം തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നവരുടെ പതിനൊന്ന് കഥകളാണ് ഈ ബുക്കിലുള്ളത്.



വിധിയുടെ ക്രൂരതയ്ക്കുമുന്നിൽ തകർന്നു പോകാതെ പരസ്പരം താങ്ങായി പുതുജീവിതം ജീവിക്കാൻ ശ്രമിക്കുന്ന രണ്ടു പേരുടെ കഥയിലൂടെയാണ് പുസ്തകം ആരംഭിക്കുന്നത്. വിശ്വസ്ഥതയുടെ അർത്ഥം തേടുന്ന കള്ളനും, കുടുംബത്തിന് വേണ്ടി മാത്രം ജീവിച്ച അവസാനം ജീവിതത്തിൽ നിന്നും പുറന്തള്ളപ്പെടുന്ന പ്രവാസിയും, ഭയം മൂലം സമൂഹത്തിലെ ദുഷ്പ്രവണതകൾക്ക് എതിരെ പ്രതികരിക്കാതെ സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്ന മനുഷ്യരും, സമ്പത്തും സ്വാധീനവും ഉള്ളവരുടെ തെറ്റുകൾ ഒന്നുമറിയാത്ത പ്രായത്തിൽ ഏറ്റെടുക്കേണ്ടി വന്ന് സ്ഥിരം കുറ്റവാളിയായി പോകുന്നവരുമെല്ലാം വായനക്കാരുടെ മനസ്സുകളിൽ ഒരു തീരാനോവായി അനുഭവപ്പെടുന്നു.

സ്വവർഗാനുരാഗികളുടെ ജീവിത വ്യഥകൾ തുറന്നെഴുതാൻ മടികാണിക്കാത്ത എഴുത്തുകാരി തന്റെ പുതിയ പുസ്തകത്തിലും അവരുടെ ജീവിതം അവിശുദ്ധം എന്ന കഥയിലൂടെ വരച്ചു കാണിക്കുന്നു. അവിശുദ്ധ ബന്ധങ്ങൾ എന്ന് നമ്മൾ കരുതുന്ന ബന്ധങ്ങൾ വിശുദ്ധമായി തോന്നിപ്പിക്കുന്ന ശക്തമായ രചനാശൈലിയാണ് ഈ കഥയിലും കാണുന്നത്.

പ്രണയവും കാമവും വഞ്ചനയും ക്രൂരതയും എല്ലാം കൂടിച്ചേർന്ന് ഒരു സൈക്കോ സ്റ്റോറി എന്ന് പറയാവുന്ന ‘ഇത് എന്ത് തരം കളിയാണ്‘ എന്ന കഥയും ചെറുപ്പത്തിൽ ചെയ്തു കൂട്ടിയ തെറ്റുകൾ മനസ്സിൽ കുഴിച്ചു മൂടിയാലും വാർദ്ധക്യത്തിലും പിൻതുടരുന്നതിന്റെ ക്രൂരമായ അവസ്ഥയെ കാണിക്കുന്ന വിചാരണക്കൂട് എന്ന കഥയും. ഏറ്റവും പ്രിയപ്പെട്ടതിനെ തങ്ങളിൽ നിന്നും അടർത്തിയെടുക്കപ്പെടുമ്പോൾ മാനസികനില തെറ്റിപ്പോകുന്നവരുടെ വേദനകൾ നിറഞ്ഞ അവസാന കഥയായ കറ്റ കെട്ട ഘടികാരവും വായനക്കാരുടെ മനസ്സിനെ പൊള്ളിക്കുന്ന രചനകളാണ്.

വായിച്ചു കഴിഞ്ഞതിനുശേഷവും നമ്മുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന കഥകളാണ് ഈ കഥാസമാഹാരത്തിലുള്ളവയെല്ലാം. നിത്യാ ലക്ഷ്മിയുടെ എല്ലാ കഥകളിലും നമ്മുടെ ഉള്ളിൽ തട്ടുന്ന രീതിയിലുള്ള ചില വരികളുണ്ടായിരിക്കും. കഥകൾ മറന്നു പോയാലും ഇല്ലെങ്കിലും മനസ്സിൽ നിന്നും മായാത്ത ചില വരികൾ അങ്ങിനെയുള്ള വരികൾ ഈ പുസ്തകത്തിലും നമുക്ക് കണ്ടെത്താൻ കഴിയും.

ചെറുകഥകൾ ഇഷ്ടപ്പെടുന്നവർ തീർച്ചയായും വായിച്ചിരിക്കേണ്ട മികച്ചൊരു പുസ്തകമാണ് കറ്റ കെട്ട ഘടികാരം.